VOL NO: 10 I ISSUE 32

# നേർപഥം വാരിക

www.nerpatham.com I mail@nerpatham.com
2026 AUGUST 08 I ₹10



തീവ്രവാദത്തിനെതിരെ കൃത്യമായ നയം പുലർത്തേണ്ടത് പൗരന്റെയും, നിയമം തീർക്കേണ്ടത് രാജ്യത്തിന്റെയും അടിസ്ഥാന ബാധ്യതയാണ്. എന്നാൽ വ്യക്തിക്ക് ഭരണഘടന നൽകിയ മതപരമായ അവകാശങ്ങളുടെ ‘കടയ്ക്കൽ ബോംബ് വയ്ക്കുന്ന’ നിയമങ്ങൾ നിർമിച്ച് ഒരു സമുദായത്തെ ഏകപക്ഷീയമായി വെയിലത്ത് നിർത്തുന്നത് സുരക്ഷാ താൽപര്യങ്ങളല്ല, അപര വിദ്വേഷ നിർമിതിയാണെന്ന് തിരിച്ചറിയാനുള്ള വിവേകമൊക്കെ സമൂഹം ആർജിച്ചു കഴിഞ്ഞു.

## തീവ്രവാദ പ്രതിരോധമോ മുസ്‌ലിം പ്രൊഫൈലിങ്ങോ?

### തക്ക്: ജീവശാസ്ത്രവും ദൈവിക ദൃഷ്ടാന്തവും

### ജമാഅത്തെ ഇസ്‌ലാമി; ‘പ്രത്യാശ’യുടെ വഴിയിൽ!

### ശീഇസവും പിശാചിന്റെ കുതന്ത്രങ്ങളും

റൈഹാൻ ഷഹീദ് • ഡോ. സഫ്‌ന യൂസഫ് • മൂസ സ്വലാഹി കാര




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

498
# നേർപഥം വാരിക
2026 ആഗസ്റ്റ് 08
1448 സ്വഫർ 25
പുസ്തകം 10 / ലക്കം 32

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




10
## തീവ്രവാദ പ്രതിരോധമോ മുസ്‌ലിം പ്രൊഫൈലിങ്ങോ?
റൈഹാൻ ഷഹീദ്

തീവ്രവാദത്തിനെതിരെ കൃത്യമായ നയം പുലർത്തേണ്ടത് പൗരന്റെയും, നിയമം തീർക്കേണ്ടത് രാജ്യത്തിന്റെയും അടിസ്ഥാന ബാധ്യതയാണ്. എന്നാൽ വ്യക്തിക്ക് ഭരണഘടന നൽകിയ മതപരമായ അവകാശങ്ങളുടെ 'കടയ്ക്കൽ ബോംബ് വയ്ക്കുന്ന' നിയമങ്ങൾ നിർമിച്ച് ഒരു സമുദായത്തെ ഏകപക്ഷീയമായി വെയിലത്ത് നിർത്തുന്നത് സുരക്ഷാ താൽപര്യങ്ങളല്ല, അപര വിദ്വേഷ നിർമിതിയാണെന്ന് തിരിച്ചറിയാനുള്ള വിവേകമൊക്കെ സമൂഹം ആർജിച്ചു കഴിഞ്ഞു.

05 മുഖമൊഴി
മഴക്കെടുതി: പ്രകൃതി ചൂഷണത്തിന്റെ ബാക്കിപത്രമോ?

06 ആരോഗ്യപഥം
ത്വക്ക്: ജീവശാസ്ത്രവും ദൈവിക ദൃഷ്ടാന്തവും
ഡോ. സഫ്‌ന യൂസഫ്

09 കവിത
പർദ ഒരു ആഫ്രിക്കൻ രാജ്യമോ?
ഹുസ്‌ന മലോറം

18 ലേഖനം
ശീഇസവും പിശാചിന്റെ കുതന്ത്രങ്ങളും
ശമീർ മദീനി

21 പഠനം
ഇറാനിൽ ശിയാക്കളുടെ വളർച്ച
ഡോ. ടി. കെ. യൂസുഫ്

23 ലേഖനം
മനുഷ്യന്റെ അതിക്രമങ്ങളും ഭൗതിക സുഖങ്ങളുടെ നശ്വരതയും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ, മസ്കത്ത്

25 കവിത
വേദനയുടെ കണ്ണാടി
അമീർ എടത്തനാട്ടുകര

26 വിമർശനം
ജമാഅത്തെ ഇസ്‌ലാമി; 'പ്രത്യാശ'യുടെ വഴിയിൽ!
മൂസ സ്വലാഹി കാര

30 നമുക്കുചുറ്റും
കാഴ്ചകളുടെയും പ്രദർശനങ്ങളുടെയും ലോകം
ടി.കെ അശ്റഫ്

32 ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്‌മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# മദ്റസ വിദ്യാഭ്യാസം: കാലോചിതമായ പരിഷ്കരണം അനിവാര്യം: വിസ്ഡം

കോഴിക്കോട്: മദ്റസ വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കരണം കൊണ്ടുവരാൻ മാനേജ്മെന്റുകൾ ജാഗ്രത പാലിക്കണമെന്ന് വിസ്ഡം എജ്യൂക്കേഷൻ ബോർഡ് കോഴിക്കോട്ട് സംഘടിപ്പിച്ച മദ്റസ മാനേജ്മെന്റ് കോൺഫറൻസ് അഭിപ്രായപ്പെട്ടു. പുതിയ തലമുറക്ക് ആവശ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മദ്റസ പഠനമാണ് സമൂഹത്തിൽ ധാർമികചിന്ത വളർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നത്.

വ്യവസ്ഥാപിതമായ പഠനസൗകര്യങ്ങളും അധ്യാപക ശാക്തീകരണവും ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കാൻ മാനേജ്മെന്റുകൾ പരിശ്രമിക്കണമെന്ന് കോൺഫറൻസ് ആവശ്യപ്പെട്ടു. വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നീ ഘടകങ്ങളെ സംയോജിപ്പിച്ച് വ്യവസ്ഥാപിതമായി കൊണ്ടുപോകാൻ സാധിച്ചാലേ വിദ്യാഭ്യാസ രംഗത്ത് നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂവെന്നും കോൺഫറൻസ് അഭിപ്രായപ്പെട്ടു.

വിസ്ഡം പണ്ഡിതസഭയായ ലജ്നത്തുൽ ബുഹൂസിൽ ഇസ്‌ലാമിയ്യ സംസ്ഥാന പ്രസിഡൻറ് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം വിദ്യാഭ്യാസ ബോർഡ് ചെയർമാൻ നാസിർ ബാലുശ്ശേരി അധ്യക്ഷത വഹിച്ചു. പിഎംഎ സമീർ എംഎൽഎ മുഖ്യാതിഥിയായി സംസാരിച്ചു. നിർധനരായ മദ്റസാ അധ്യാപകർക്ക് വേണ്ടി നിർമിച്ചു നൽകിയ പതിനാല് വീടുകളുടെ സമർപ്പണം അഡ്വ. ഫൈസൽ ബാബു എംഎൽഎ നിവഹിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി എൻ അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ്, ട്രഷറർ കെ സജാദ്, വിസ്ഡം വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി എം.കെ ഇർഫാൻ സ്വലാഹി, വൈസ് ചെയർമാൻ ഷൗക്കത്തലി അൻസാരി, സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി, കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ വൈസ് പ്രസിഡന്റ് സി.പി അബ്ദുൽ അസീസ്, ബഹ്റൈൻ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ വൈസ് പ്രസിഡന്റ് എൻ.പി കുഞ്ഞിമുഹമ്മദ് എന്നിവർ സംസാരിച്ചു. വിദ്യാഭ്യാസ ബോർഡ് അംഗങ്ങളായ പി. കെ അംജദ് മദനി, ഡോ. ഷിയാസ് സ്വലാഹി, ഷംജാസ് കെ അബ്ബാസ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. മദ്റസ അവാർഡ് വിതരണം ചെയ്തു

അക്കാദമികം, പഠനാനുബന്ധ പ്രവർത്തനങ്ങൾ, വൃത്തി, അധ്യാപന രംഗത്തെ സ്മാർട്ട് സംവിധാനങ്ങൾ, ക്ലാസ് റൂമുകൾ, പ്രാഥമിക സൗകര്യങ്ങൾ എന്നിവയിൽ മികവ് പുലർത്തിയ സംസ്ഥാനത്തെ മികച്ച മദ്റസകളെ പ്രഖ്യാപിച്ചു. വിജയികൾക്ക് പി.എം.എ സമീർ അവാർഡ് വിതരണം ചെയ്തു.

സലഫി മദ്റസ, കാഞ്ഞങ്ങാട് (കാസർകോട്), അൽഹിക്മ മദ്റസ അത്തോളി (കോഴിക്കോട്), അന്നൗറ ഇസ്‌ലാമിക് സ്കൂൾ എടവണ്ണപ്പാറ (മലപ്പുറം നോർത്ത്), അൽമദ്റസത്തുൽ ഇസ്‌ലാമിയ്യ ആറാം മൈൽ (കണ്ണൂർ), അൽഹിക്മ ഇസ്‌ലാമിക് സ്കൂൾ സിയാംകണ്ടം (മലപ്പുറം നോർത്ത്), സലഫി മദ്റസ പെരിന്തൽമണ്ണ (മലപ്പുറം ഈസ്റ്റ്), അൽഹിക്മ ഹോളിഡേ മദ്റസ നന്തി (കോഴിക്കോട് നോർത്ത്), അൽബസ്വീറ ഇസ്‌ലാമിക് സ്കൂൾ പെരുമണ്ണ (കോഴിക്കോട് സൗത്ത്), സലഫി മദ്റസ മാനന്തവാടി (വയനാട്) എന്നീ മദ്റസകളാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# മഴക്കെടുതി: പ്രകൃതി ചൂഷണത്തിന്റെ ബാക്കിപത്രമോ?

ഓരോ വർഷവും കേരളത്തെ പിടിച്ചുകുലുക്കും വിധം മഴക്കെടുതികൾ കടന്നുവരുന്നു. ഒരുകാലത്ത് സമൃദ്ധിയുടെയും കുളിർമയുടെയും വേളയായിരുന്ന മഴക്കാലം ഇന്ന് വിറങ്ങലിക്കുന്ന ഭയത്തിന്റെയും കണ്ണീരിന്റെയും ഓർമപ്പെടുത്തലാണ്. തുടർച്ചയായ ഉരുൾപൊട്ടലുകൾ, പ്രളയങ്ങൾ തുടങ്ങിയവ പ്രകൃതിയുടെ സ്വാഭാവികമായ മാറ്റങ്ങൾ മാത്രമാണോ, അതോ മനുഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റത്തിന്റെ തിരിച്ചടിയോ?

ഇത്തരം ദുരന്തങ്ങൾ പ്രകൃതിക്കുമേൽ മനുഷ്യൻ നടത്തുന്ന ക്രൂരമായ ചൂഷണത്തിന്റെ ബാക്കിപത്രമാണെന്നതിന് അടിവരയിടുന്ന ചില ഘടകങ്ങളുണ്ട്. അശാസ്ത്രീയമായ ഭൂവിനിയോഗവും മലയോര ചൂഷണവുമാണ് അതിൽ പ്രധാനം. ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളും വർധിക്കാൻ പ്രധാന കാരണം അശാസ്ത്രീയമായ ഭൂവിനിയോഗമാണെന്ന് വിദഗ്ധർ വിലയിരുത്തുന്നു.

പരിസ്ഥിതിലോല പ്രദേശങ്ങളിൽ പോലുമുള്ള അനിയന്ത്രിതമായ പാറമട പ്രവർത്തനങ്ങളും സ്ഫോടനങ്ങളും മലനിരകളുടെ സ്വാഭാവിക ഘടനയെ തകർത്തുകൊണ്ടിരിക്കുകയാണ്. മരങ്ങൾ വെട്ടിമാറ്റി കാടുകൾ ഇല്ലാതാക്കുമ്പോൾ, മണ്ണിനെ ഉറപ്പിച്ചുനിറുത്താനുള്ള ശേഷി ഭൂമിക്ക് നഷ്ടപ്പെടുന്നു. ഇത് കനത്ത മഴയിൽ മലയിടിച്ചിലിന് വഴിവെക്കുന്നു.

മഴവെള്ളത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള വയലുകളും ചതുപ്പുകളും തടാകങ്ങളും നികത്തി വൻകിട കെട്ടിടങ്ങളും റോഡുകളും നിർമിക്കുന്നത് പതിവായി മാറിയിരിക്കുന്നു. അതോടെ വെള്ളത്തിന് സ്വാഭാവികമായി ഒഴുകിപ്പോകാനും ഭൂമിയിലേക്ക് ഇറങ്ങാനുമുള്ള വഴികൾ അടയുന്നു. പുഴകളുടെയും തോടുകളുടെയും തീരങ്ങൾ കയ്യേറിത്തുടങ്ങിയതോടെ, അൽപം മഴ പെയ്യുമ്പോഴേക്ക് നഗരങ്ങളും ഗ്രാമങ്ങളും വെള്ളത്തിലാകുന്ന അവസ്ഥയായി. മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ പരിസ്ഥിതി പഠന റിപ്പോർട്ടും മുന്നറിയിപ്പുകളെയും അവഗണിച്ചത് ശരിയായില്ല എന്ന് ഇപ്പോൾ തിരിച്ചറിയുകയാണ്.

ആഗോളതാപനത്തിന്റെ അനന്തരഫലമായി ഒന്നുരണ്ടു ദിവസങ്ങൾകൊണ്ട് ഒരു മാസത്തിൽ പെയ്യേണ്ട മഴ ഒരുമിച്ച് പെയ്യുന്ന അവസ്ഥ വർധിച്ചുവരുന്നു. അറബിക്കടലിലെ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മേഘവിസ്ഫോടനങ്ങൾക്കും തീവ്രമഴയ്ക്കും കാരണമാകുന്നുണ്ട്.

ഒന്നോ രണ്ടോ ദിവസം കൊണ്ടുള്ള മഴയിൽ ഡാമുകൾ നിറഞ്ഞുകവിയുന്നതും റോട്ടിലും വീടുകളിലുമൊക്കെ വെള്ളം നിറയുന്നതും എന്തുകൊണ്ടാണ്? മഴക്കാലത്ത് വൻതോതിലുള്ള വെള്ളം സംഭരിക്കാൻ ഡാമുകൾക്ക് ആഴമില്ല, അത്രമാത്രം മണൽ അവയിൽ അടിഞ്ഞിരിക്കുന്നു. മണൽ നിറഞ്ഞതു മൂലം നദികളുടെ ആഴം കുറഞ്ഞിരിക്കുന്നു. ഒഴുകിപ്പോകാൻ പറ്റാത്തതിനാൽ വെള്ളം കരകളിലേക്ക് ഒഴുകിപ്പരക്കുന്നു.

നദികളിലെ മണൽ വാരൽ വീണ്ടും തുടങ്ങി, നദികളുടെ ആഴം കൂട്ടിയാൽ വെള്ളക്കെടുതിമൂലമുണ്ടാകുന്ന കോടിക്കണക്കിനു രൂപയുടെ നഷ്ടം ഇല്ലാതാക്കാം. മണൽ വിൽപനയിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാക്കുകയും ചെയ്യാം.

പ്രകൃതിയെ അശാസ്ത്രീയമായി ചൂഷണം ചെയ്യുന്നത് അവസാനിപ്പിച്ച്, പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകിയാൽ ഒരുപരിധിവരെയെങ്കിലും ദുരന്തങ്ങൾ ഒഴിവാക്കാൻ സാധിച്ചേക്കാം.

“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം” (ക്വുർആൻ 30:41).



# ത്വക്ക്: ജീവശാസ്ത്രവും ദൈവിക ദൃഷ്ടാന്തവും

ഡോ. സഫ്ന യൂസഫ്

നമ്മുടെ ശരീരത്തിലെ ഏറ്റവും വലിയ അവയവമാണ് ത്വക്ക്. ത്വക്ക്  ശരീരത്തെ പൊതിഞ്ഞിരിക്കുന്ന വെറുമൊരു ആവരണമല്ല; അത് അത്ഭുതകരമായ ഒരു ദൈവികദൃഷ്ടാന്തം കൂടിയാണ്.

ത്വക്കിനെക്കുറിച്ച് പഠിക്കുമ്പോൾ ആദ്യം നമ്മെ അത്ഭുതപ്പെടുത്തുന്നത് അതിന്റെ ഉത്ഭവമാണ്. ഗർഭാവസ്ഥയുടെ ആദ്യഘട്ടങ്ങളിൽ ഭ്രൂണം ഏതാനും കോശങ്ങളുടെ ഒരു ചെറിയ കൂട്ടം മാത്രമാണ്. എന്നാൽ അതേ ഭ്രൂണകോശങ്ങളിൽനിന്നാണ് പിന്നീട് ത്വക്കിന്റെ വിവിധ പാളികളും അതിനകത്തുള്ള അനേകം കോശവിഭാഗങ്ങളും രൂപംകൊള്ളുന്നത്. ഒരേ ഉറവിടത്തിൽനിന്ന് ആരംഭിക്കുന്ന കോശങ്ങൾ പിന്നീട് കെരാറ്റിനോസൈറ്റുകൾ, മെലനോസൈറ്റുകൾ, ലാംഗർഹാൻസ് കോശങ്ങൾ, മെർക്കൽ കോശങ്ങൾ എന്നിങ്ങനെ വ്യത്യസ്ത ചുമതലകൾ വഹിക്കുന്ന കോശങ്ങളായി മാറുന്നു.

ഒരു ചെറിയ ഹെയർ ഫോളിക്കിൾ അഥവാ രോമകൂപത്തെ മാത്രം പരിശോധിച്ചാൽ പോലും അതിനകത്ത് എട്ടോളം പാളികളിലായി പ്രത്യേക ധർമങ്ങളുള്ള കോശങ്ങളുടെ അതിസങ്കീർണമായ ക്രമീകരണം കാണാം. ഭ്രൂണവളർച്ചയുടെ ആദ്യഘട്ടങ്ങളിൽ ലഭിക്കുന്ന സൂക്ഷ്മസൂചനകളുടെ അടിസ്ഥാനത്തിലാണ് ഓരോ കോശവും എവിടെ സ്ഥാനം പിടിക്കണം, എങ്ങനെ രൂപം പ്രാപിക്കണം, എന്ത് ദൗത്യം നിർവഹിക്കണം എന്നത് നിർണയിക്കപ്പെടുന്നത്.

ഗർഭാവസ്ഥയിൽ ത്വക്കിന്റെ പുറംപാളിയിൽ കാണപ്പെടുന്ന ഏതാനും കോശങ്ങളിൽനിന്നാണ് അതിസങ്കീർണമായ രോമകൂപങ്ങളും വിയർപ്പു ഗ്രന്ഥികളും കൊഴുപ്പ് ഗ്രന്ഥികളുമൊക്കെ രൂപംകൊള്ളുന്നത്. ഇതിനു പുറമെയാണ് ത്വക്കിന്റെ ശരിയായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കുഞ്ഞുപേശികളും കോളേജിൻ, ഇലാസ്റ്റിൻ തുടങ്ങിയ ഘടകങ്ങളും രക്തക്കുഴലുകളുടെയും നാഡി-ഞരമ്പുകളുടെയും വികസനവും വിന്യാസവും. ആരാണ് ഏതാനും ചില കോശങ്ങളെ സൂക്ഷ്മമായ ഓരോ ധർമത്തിങ്ങളിലേക്ക് വഴിതിരിച്ചു വിട്ടവൻ?

വളർച്ചയുടെ ഈ അത്ഭുതം അവിടെ അവസാനിക്കുന്നില്ല. ത്വക്കിലെ കെരാറ്റിനോസൈറ്റുകൾ തുടർച്ചയായി പുതുക്കപ്പെടുകയും ക്രമബദ്ധമായ ഒരു യാത്രയിലൂടെ സ്ട്രാറ്റം കോർണിയം എന്ന പുറംപാളിയുടെ ഭാഗമാവുകയും ചെയ്യുന്നു. ഈ പാളിക്ക് പല സവിശേഷതകളുമുണ്ട്. കെരാറ്റിനൈസേഷൻ എന്ന ഈ പ്രക്രിയ ജീവശാസ്ത്രത്തിലെ ഏറ്റവും വിസ്മയകരമായ പ്രതിഭാസങ്ങളിൽ ഒന്നാണ്. ഒരു കോശം എപ്പോൾ വിഭജിക്കണം, എപ്പോൾ മുകളിലേക്ക് സഞ്ചരിക്കണം, എപ്പോൾ പ്രത്യേക പ്രോട്ടീനുകൾ നിർമിക്കണം, എപ്പോൾ തന്റെ ന്യൂക്ലിയസ് നഷ്ടപ്പെടുത്തി സംരക്ഷണഭിത്തിയുടെ ഭാഗമാകണം എന്നതെല്ലാം അതീവ കൃത്യതയോടെ നിയന്ത്രിക്കപ്പെടുന്നു.

പുറമെ നോക്കുമ്പോൾ സ്ട്രാറ്റം കോർണിയം നിർജീവമായ കോശങ്ങളുടെ ഒരു പാളി മാത്രമാണെന്ന് തോന്നാം. എന്നാൽ ശരീരത്തിലെ ജലാംശം നിലനിർത്തുന്നതിനും രോഗാണുക്കളിൽനിന്നും രാസവസ്തുക്കളിൽനിന്നും സംരക്ഷിക്കുന്നതിനും ജീവിതത്തിന് അനിവാര്യമായ പ്രതിരോധഭിത്തിയായി പ്രവർത്തിക്കുന്നതിനും ഈ പാളി അത്യന്താപേക്ഷിതമാണ്. ഓരോ നിമിഷവും കോടിക്കണക്കിന് കോശങ്ങൾ കൃത്യമായ ക്രമത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സംവിധാനം ഒരു വിശ്വാസിയെ സ്രഷ്ടാവിന്റെ സൃഷ്ടിവൈഭവജ്ഞാനത്തെക്കുറിച്ച് ചിന്തിപ്പിക്കാതെ വയ്യ.

ഇത്തരം അത്ഭുതകരമായ ക്രമീകരണങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഖുർആനിലെ ഒരു വചനം ഓർമവരുന്നു: “ഇത് (ഖുർആൻ) സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്കവണ്ണം വിവിധ ദിക്കുകളിലും അവരിൽതന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ വഴിയെ നാം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്...” (41:53).

ത്വക്കിന്റെ മറ്റൊരു അത്ഭുതമാണ് മനുഷ്യരിലെ വർണവൈവിധ്യം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മനുഷ്യരുടെ ത്വക്കിന് വ്യത്യസ്ത നിറങ്ങളാണുള്ളത്. ഇരുണ്ട നിറമുള്ളവർക്കും ഇളം നിറമുള്ളവർക്കും മെലനോസൈറ്റുകളുടെ (നിറം നിർണയിക്കുന്ന പ്രോട്ടീനുകളെ ഉൽപാദിപ്പിക്കുന്ന കോശങ്ങൾ) എണ്ണത്തിൽ വലിയ വ്യത്യാസമില്ല. മിക്കവാറും എല്ലാവരിലും ഇവയുടെ എണ്ണം ഏകദേശം സമാനമാണ്. വ്യത്യാസം വരുന്നത് അവ ഉൽപാദിപ്പിക്കുന്ന മെലാനിന്റെ (നിറം നിർണയിക്കുന്ന പ്രോടീൻ) അളവിലും അതിന്റെ വിതരണരീതിയിലുമാണ്. കറുത്തവന്റെയും വെളുത്തവന്റെയും തൊലിയുടെ ഘടന സമാനമാണ്. മനുഷ്യരുടെ ത്വക്കിന്റെ നിറം അവരുടെ മൂല്യത്തെയോ കഴിവിനെയോ മഹത്ത്വത്തെയോ നിർണയിക്കുന്നില്ല. അത് അല്ലാഹുവിന്റെ സൃഷ്ടിയിലെ വൈവിധ്യത്തിന്റെ ഒരു ഭാഗം

മാത്രമാണ്. ഒരേ മനുഷ്യവർഗത്തിൽ, ഒരേ അടിസ്ഥാന ഘടനയിൽ, ചെറിയ ജൈവവ്യത്യാസങ്ങളിലൂടെ ഇത്ര മനോഹരമായ നിറവൈവിധ്യം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു!

ഖുർആൻ പറയുന്നു: “ആകാശഭൂമികളുടെ സൃഷ്ടിയും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്” (30:22).

ഈ വചനം മനുഷ്യരുടെ നിറവ്യത്യാസത്തെ വിഭജനത്തിനുള്ള കാരണമായല്ല, മറിച്ച് അല്ലാഹുവിന്റെ ദൃഷ്ടാന്തമായാണ് അവതരിപ്പിക്കുന്നത്. അതിനാൽ ത്വക്കിന്റെ നിറം ഒരാളെ ഉയർത്തിക്കാണിക്കാനോ താഴ്ത്തിക്കാണിക്കാനോ ഉള്ള മാനദണ്ഡമല്ല.

ഏറെ ചിന്തിപ്പിക്കുന്ന മറ്റൊരു ഖുർആൻ വചനം കാണുക: “തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്. അവർ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കാൻ വേണ്ടിയാണത്...”(4:56).

ഈ വചനത്തിന്റെ പ്രധാന സന്ദേശം പരലോകശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പാണ്. എന്നാൽ ത്വക്കിന്റെ ശാസ്ത്രം പഠിക്കുന്ന ഒരാൾക്ക് ഇതിൽ ശ്രദ്ധേയമായ മറ്റൊരു കാര്യം കാണാം. വേദന, ചൂട്, തണുപ്പ്, സ്പർശം തുടങ്ങിയ അനുഭവങ്ങൾ അറിയാൻ സഹായിക്കുന്ന അനേകം സംവേദനഗ്രാഹികൾ ത്വക്കിലുണ്ട്. മനുഷ്യൻ പുറംലോകവുമായി ബന്ധപ്പെടുന്നത് വലിയൊരളവിൽ ത്വക്കിലൂടെയാണ്. ഗുരുതരമായ പൊള്ളലുകളിൽ ത്വക്കിന്റെ ഘടന നശിക്കുമ്പോൾ സംവേദനശേഷിയിലും മാറ്റങ്ങളുണ്ടാകുന്നു. ‘അവർ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കാനായി തൊലികൾ മാറ്റിക്കൊടുക്കും’ എന്ന, ഖുർആനിന്റെ പ്രയോഗം അതുകൊണ്ടുതന്നെ ശ്രദ്ധേയമാണ്. ശാസ്ത്രം വികസിക്കുന്നതിനു നൂറ്റാണ്ടുകൾക്കുമുമ്പ് അവതരിച്ച ഖുർആൻ, വേദന അനുഭവിക്കുന്നതിൽ ത്വക്കിന്റെ പ്രാധാന്യം പരാമർശിക്കുന്നുവെന്നത് ചിന്തിക്കാവുന്ന കാര്യമാണ്. ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥമല്ല; മനുഷ്യനെ സത്യത്തിലേക്ക് നയിക്കുന്ന മാർഗദർശനമാണ്. എന്നിരുന്നാലും മനുഷ്യശരീരത്തിലെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കാൻ അത് നമ്മെ ക്ഷണിക്കുന്നു.

ഇസ്‌ലാം ശുചിത്വത്തിന് വലിയ പ്രാധാന്യം നൽകുന്നു. വുദൂഉം കുളിയും വ്യക്തിശുചിത്വവും ആത്മീയ ജീവിതത്തിന്റെ ഭാഗമാക്കിയ മതമാണ് ഇസ്‌ലാം. ശരീരത്തെ സംരക്ഷിക്കുകയും ആരോഗ്യം

**ആരോഗ്യകരമായ ത്വക്ക് മഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണ്. ഓരോ മുറിവും ഭേദമാകുമ്പോഴും, ഓരോ സ്പർശവും അനുഭവപ്പെടുമ്പോഴും, ഓരോ പുതിയ കോശവും രൂപപ്പെടുമ്പോഴും, നമ്മുടെ ശരീരത്തിനകത്ത് നിശ്ശബ്ദമായി പ്രവർത്തിക്കുന്ന അത്ഭുതകരമായ സംവിധാനങ്ങൾ നമ്മെ സ്രഷ്ടാവിന്റെ അപാരമായ ജ്ഞാനത്തെയും കരുണയെയും കഴിവിനെയും ഓർമിപ്പിക്കുന്നു. അതിനെക്കുറിച്ച് പഠിക്കുന്നത് സ്രഷ്ടാവിനെ കൂടുതൽ അറിയാനുള്ള മാർഗം കൂടിയാണ്. അത് നമ്മെ നന്ദിയും വിനയവുമുള്ളവരാക്കി മാറ്റും.**

നിലനിർത്തുകയും ചെയ്യുന്നത് ഒരു വിശ്വാസിയുടെ ഉത്തരവാദിത്തമാണ്. ത്വക്കിന്റെ സംരക്ഷണവും അതിന്റെ ഭാഗമാണ്.

ആരോഗ്യകരമായ ത്വക്ക് മഹത്തായ അനുഗ്രഹങ്ങളിൽ ഒന്നാണ്. ഓരോ മുറിവും ഭേദമാകുമ്പോഴും, ഓരോ സ്പർശവും അനുഭവപ്പെടുമ്പോഴും, ഓരോ പുതിയ കോശവും രൂപപ്പെടുമ്പോഴും, നമ്മുടെ ശരീരത്തിനകത്ത് നിശ്ശബ്ദമായി പ്രവർത്തിക്കുന്ന അത്ഭുതകരമായ സംവിധാനങ്ങൾ നമ്മെ സ്രഷ്ടാവിന്റെ അപാരമായ ജ്ഞാനത്തെയും കരുണയെയും കഴിവിനെയും ഓർമിപ്പിക്കുന്നു. അതിനെക്കുറിച്ച് പഠിക്കുന്നത് സ്രഷ്ടാവിനെ കൂടുതൽ അറിയാനുള്ള മാർഗം കൂടിയാണ്. അത് നമ്മെ നന്ദിയും വിനയവുമുള്ളവരാക്കി മാറ്റും.

ത്വക്കിലെ രോഗങ്ങൾ ശരീരത്തെ മാത്രമല്ല, മനസ്സിനെയും ബാധിക്കാറുണ്ട്. പലപ്പോഴും രോഗത്തെക്കാൾ കൂടുതൽ വേദനയുണ്ടാക്കുന്നത് സാമൂഹികമായ ഒറ്റപ്പെടുത്തലും തെറ്റിദ്ധാരണകളുമാണ്. ഉദാഹരണത്തിന് Psoriasis, (സോറിയാസിസ്), Vitiligo (വെള്ളപ്പാണ്ട്) തുടങ്ങിയ ചർമരോഗങ്ങൾ ശരീരത്തെ മാത്രമല്ല, ഒരു വ്യക്തിയുടെ മാനസികാരോഗ്യത്തെയും സാരമായി ബാധിക്കാറുണ്ട്. പുറമെ കാണുന്ന മാറ്റങ്ങളായതുകൊണ്ടുതന്നെ പലരിലും ഇത് വലിയ തോതിൽ ആത്മവിശ്വാസക്കുറവും മാനസിക വിഷമങ്ങളും ഉണ്ടാക്കുന്നു.

ഇത്തരം രോഗങ്ങൾമൂലം ആളുകൾ നേരിടുന്ന പ്രധാന മാനസിക-ശാരീരിക ബുദ്ധിമുട്ടുകളും അവയെ എങ്ങനെ അതിജീവിക്കാമെന്നതും നമുക്ക് മനസ്സിലാക്കാം.

*(തുടരും)*



കവിത

# പർദ ഒരു ആഫ്രിക്കൻ രാജ്യമോ?

ഹുസ്ന മലോറം

പർദ ഒരു ആഫ്രിക്കൻ രാജ്യമാണെന്ന്
തീക്കുനിക്കാരൻ കവി!
അതിനകത്തുള്ളവർ
ഖനികൾക്കുള്ളിൽ കുടുങ്ങിയവരും
സ്വാതന്ത്ര്യം നഷ്ടപ്പെട്ടവരുമാണത്രെ!
അൽപ വസ്ത്രധാരിണികളും
ഉടുതുണിയില്ലാതെ വിഹരിക്കുന്ന
ആൾദൈവങ്ങളും
ഏത് രാജ്യമാണാവോ?
മുസ്‌ലിം സ്ത്രീകളോടു മാത്രം
ഇവർക്കെന്തൊരു കാരുണ്യം!
പർദ ധരിക്കുന്ന ഞങ്ങൾക്കില്ലാത്ത
പ്രയാസം
ഇവർക്കെന്തിന്?
പർദ ഞങ്ങളുടെ കോട്ടയാണ്,
കണ്ണുകൾ കൊണ്ട്
കൊത്തിവലിക്കുന്നവരെ അത്
തടയുന്നു.
അതിനെ അടിമത്തമെന്ന്
ചൊറിഞ്ഞിടേണ്ട,
അത് ഞങ്ങളുടെ
സംസ്കാരത്തിന്റെ ചിഹ്നമാണ്.
ഞങ്ങളുടെ ഉടയാട കണ്ട്
നിങ്ങളെന്തിന് ഉറഞ്ഞുതുള്ളണം?
പർദ ഞങ്ങളെ നന്മയുടെ
സഹയാത്രികരാക്കുന്നു.
അത് ഞങ്ങളുടെ
സ്വപ്നത്തിന്റെ ചിറകരിയുകയല്ല,
ചിറകു മുളപ്പിക്കുകയാണ് ചെയ്യുന്നത്.
അടിവസ്ത്രം പുറത്തു കാണും
വിധമുള്ള
ഉടുവസ്ത്രം ഞങ്ങളുടെ സംസ്കാരമല്ല,
നിങ്ങൾക്കത് പുരോഗമനമായിരിക്കാം,
ഞങ്ങൾക്കത് അധഃപതനമാണ്.
അഴുക്ക് പുരളാതെ ജീവിക്കുവാൻ,
അഭിമാനമാലെ കഴിഞ്ഞിടുവാൻ
ഞങ്ങളുടെയലങ്കാരമാണു പർദ.

■

തീവ്രവാദത്തിനെതിരെ കൃത്യമായ നയം പുലർത്തേണ്ടത് പൗരന്റെയും, നിയമം തീർക്കേണ്ടത് രാജ്യത്തിന്റെയും അടിസ്ഥാന ബാധ്യതയാണ്. എന്നാൽ വ്യക്തിക്ക് ഭരണഘടന നൽകിയ മതപരമായ അവകാശങ്ങളുടെ 'കടയ്ക്കൽ ബോംബ് വയ്ക്കുന്ന' നിയമങ്ങൾ നിർമിച്ച് ഒരു സമുദായത്തെ ഏകപക്ഷീയമായി വെയിലത്ത് നിർത്തുന്നത് സുരക്ഷാ താൽപര്യങ്ങളല്ല, അപര വിദ്വേഷ നിർമിതിയാണെന്ന് തിരിച്ചറിയാനുള്ള വിവേകമൊക്കെ സമൂഹം ആർജിച്ചു കഴിഞ്ഞു.

# തീവ്രവാദ പ്രതിരോധമോ മുസ്‌ലിം പ്രൊഫൈലിങ്ങോ?

റൈഹാൻ ഷഹീദ്
: +971 50 596 0255




ഒരു ജനാധിപത്യരാഷ്ട്രത്തിന് തീവ്രവാദത്തെ പ്രതിരോധിക്കാനുള്ള അവകാശവും ഉത്തരവാദിത്തവുമുണ്ട്. നിരപരാധികളുടെ ജീവനും സ്വത്തിനും രാജ്യസുരക്ഷയ്ക്കും ഭീഷണിയാകുന്ന അക്രമാസക്ത ആശയങ്ങളെയും തീവ്രവാദ സംഘടനകളെയും നേരിടാൻ ശക്തമായ നിയമങ്ങളും കാര്യക്ഷമമായ സുരക്ഷാസംവിധാനങ്ങളും അനിവാര്യമാണ്. ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾക്ക് ഇടമില്ല. എന്നാൽ തീവ്രവാദത്തെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തിന്റെ പേരിൽ ഒരു പ്രത്യേക മതവിഭാഗത്തിന്റെ സാധാരണ മതജീവിതത്തെ തന്നെ സംശയത്തിന്റെ കണ്ണിലൂടെ കാണാൻ തുടങ്ങുമ്പോൾ അതൊരു സുരക്ഷാപ്രശ്നം മാത്രമായി അവശേഷിക്കുന്നില്ല; അത് ഭരണഘടനാപരമായ അവകാശങ്ങളുടെയും മതസ്വാതന്ത്ര്യത്തിന്റെയും പൗരസമത്വത്തിന്റെയും ചോദ്യമായി മാറുന്നു.

ഗുജറാത്ത് സർക്കാർ നടപ്പിലാക്കിയ പുതിയ ആന്റി-റാഡിക്കലൈസേഷൻ സെൽ (Anti-Radicalisation Cell - ARC) സംവിധാനവും അതിനായി തയ്യാറാക്കിയ രഹസ്യ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറും (SOP) ഈ പശ്ചാത്തലത്തിലാണ് ചർച്ച ചെയ്യപ്പെടേണ്ടിവരുന്നത്. ഔദ്യോഗി

> ഒരാളെ അന്യായമായി കൊലപ്പെടുത്തുന്നത് മുഴുവൻ മനുഷ്യരെയും കൊലപ്പെടുത്തുന്നതിനു തുല്യമാണ്. ഒരാളുടെ ജീവൻ രക്ഷിക്കുന്നത് മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിക്കുന്നതിനു തുല്യമാണ്.
> -( ക്വുർആൻ 5:32)

കമായി ഇത് തീവ്രവാദത്തെയും ഓൺലൈൻ റാഡിക്കലൈസേഷനെയും പ്രതിരോധിക്കാനുള്ള സംവിധാനമാണെന്ന് അവതരിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, എസ്ഒപിയിലെ വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ നിരീക്ഷണത്തിന്റെ പ്രധാന കേന്ദ്രം മുസ്‌ലിം സമൂഹമാണെന്ന വ്യക്തമാണ്. ഇതേ കാരണത്താലാണ് മനുഷ്യാവകാശ സംഘടനകളും നിയമവിദഗ്ധരും ഇതിനെ 'Institutionalised Communal Profiling' അഥവാ സ്ഥാപനവത്കരിക്കപ്പെട്ട മതപരമായ പ്രൊഫൈലിങ് എന്ന നിലയിൽ വിശേഷിപ്പിക്കുന്നത്.

കാരണം, എസ്ഒപിയിൽ നിരീക്ഷണ സൂചനകളായി പരാമർശിക്കുന്ന പല കാര്യങ്ങളും ഒരു കുറ്റകൃത്യവുമായി നേരിട്ട് ബന്ധപ്പെട്ട പ്രവൃത്തികളല്ല; മറിച്ച് മുസ്‌ലിംകളുടെ സാധാരണ മതജീവിതത്തിന്റെ ഭാഗങ്ങളാണ്. താടിവളർത്തൽ, നിഖാബ് ധരിക്കൽ, അറബി പദങ്ങൾ ഉപയോഗിക്കൽ, പള്ളിയിൽ ഇഅ്തികാഫ് അനുഷ്ഠിക്കൽ, മദ്റസകൾ സന്ദർശിക്കൽ തുടങ്ങിയ കാര്യങ്ങൾ എസ്ഒപിയിൽ പ്രത്യേകം പരാമർശിക്കപ്പെടുന്നു! ഇതോടൊപ്പം മദ്റസകളിലെ അധ്യാപകരുടെ ഡയറക്ടറി തയ്യാറാക്കാനും അവരുടെ പശ്ചാത്തലം പരിശോധിക്കാനും നിർദേശം നൽകുന്നുണ്ട്.

ഇവിടെയുള്ള അടിസ്ഥാന ചോദ്യം ഇതാണ്: 'ഒരു വ്യക്തി കൂടുതൽ മതനിഷ്ഠനായ മുസ്‌ലിമാകുന്നത്, അല്ലെങ്കിൽ തന്റെ മതപരമായ ജീവിതം കൂടുതൽ ഗൗരവത്തോടെ അനുഷ്ഠിക്കുന്നത്, സുരക്ഷാ ഏജൻസികളുടെ സംശയപ്പട്ടികയിൽ ഉൾപ്പെടാനുള്ള കാരണമാകുമോ?'

തീവ്രവാദത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ ഭരണഘടനയുടെ ആത്മാവിനും മതസ്വാതന്ത്ര്യത്തിനും തുല്യനീതിക്കും അനുസൃതമാണോ എന്ന ചോദ്യമാണ് ഇവിടെ നാം പരിശോധിക്കുന്നത്. ഒരു ജനാധിപത്യരാഷ്ട്രത്തിൽ സുരക്ഷയും സ്വാതന്ത്ര്യവും പരസ്പരവിരുദ്ധമായ മൂല്യങ്ങളല്ല. രണ്ടും ഒരുപോലെ സംരക്ഷിക്കപ്പെടേണ്ട അടിസ്ഥാന തത്ത്വങ്ങളാണ്.

### എസ്ഒപി എന്താണ് പറയുന്നത്?

ആന്റി-റാഡിക്കലൈസേഷൻ സെല്ലിന്റെ പ്രവർത്തനങ്ങളെ അഞ്ച് ഘട്ടങ്ങളായിട്ടാണ് വിഭജിക്കുന്നത്: പ്രിവൻഷൻ (Prevention), ഡിറ്റക്ഷൻ (Detection), ഇന്റർവെൻഷൻ (Intervention), റീഹാബിലിറ്റേഷൻ (Rehabilitation), മോണിറ്ററിംഗ് (Monitoring).

രേഖയുടെ തുടക്കത്തിൽ തന്നെ 'റാഡിക്കലൈസ്ഡ് വ്യക്തി' എന്ന നിർവചനം നൽകുന്നുണ്ട്. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയാകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും മറ്റുള്ളവരെ തീവ്ര ആശയങ്ങളിലേക്ക് ആകർഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയെയാണ് തീവ്രനിലപാടുകാരനായി നിർവചിക്കുന്നത്. ഇതുവരെ വലിയ വിവാദങ്ങളൊന്നുമില്ല. എന്നാൽ തുടർന്ന് വരുന്ന മാനദണ്ഡങ്ങളാണ് ശ്രദ്ധേയമാകുന്നത്.

ആദ്യഘട്ടത്തിൽ സോഷ്യൽ മീഡിയ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, സംശയാസ്പദമായ ശൃംഖലകൾ എന്നിവ നിരീക്ഷിക്കാൻ നിർദേശിക്കുന്നു. ഇതോടൊപ്പം 'സലഫി-വഹാബി സ്വാധീനമുള്ളവർ.' 'തീവ്ര ആശയങ്ങൾ പ്രചരിപ്പിക്കുന്നതായി കരുതപ്പെടുന്നവർ,' 'ജയിലുകളിലെ തീവ്രനിലപാടുകാർ' എന്നിവരെ പ്രത്യേകം നിരീക്ഷിക്കണമെന്നും പറയുന്നു. വിവിധ പ്രദേശങ്ങളിൽ വിവരദാതാക്കളെ നിയമിക്കുകയും കൂടുതൽ രഹസ്യവിവരങ്ങൾ ശേഖരിക്കുകയും ചെയ്യാനും നിർദേശമുണ്ട്.

എസ്ഒപിയിലെ ഏറ്റവും കൂടുതൽ വിവാദങ്ങൾ ഉയർന്നിരിക്കുന്നത് ഈ ഭാഗത്താണ്. ഒരു വ്യക്തിയെ 'അപകടസാധ്യതയുള്ളവൻ' എന്ന് തിരിച്ചറിയുന്നതിനുള്ള വിവിധ സൂചനകൾ ഇവിടെ പട്ടികപ്പെടുത്തുന്നുണ്ട്. അതിൽ ഉൾപ്പെടുന്ന ചില കാര്യങ്ങൾ ഇവയാണ്:

- പെട്ടെന്ന് താടി വളർത്തുക.
- നിഖാബ് ധരിക്കാൻ തുടങ്ങുക.
- അറബി പദങ്ങൾ കൂടുതലായി ഉപയോഗിക്കുക.
- സുഹൃത്തുക്കളിൽനിന്നും കുടുംബത്തിൽനിന്നും അകന്നുനിൽക്കുക.
- ലോകമെമ്പാടുമുള്ള മുസ്‌ലിംകൾക്കെതിരായ ആക്രമണങ്ങളിൽ ശക്തമായ

അമർഷംപ്രകടിപ്പിക്കുക.

- അഫ്ഗാനിസ്ഥാൻ അല്ലെങ്കിൽ മിഡിൽ ഈസ്റ്റ് സന്ദർശിച്ചതിന് ശേഷം പെരുമാറ്റത്തിൽ മാറ്റം കാണിക്കുക.

ഇതോടൊപ്പം ഡിജിറ്റൽ പ്രവർത്തനങ്ങളും നിരീക്ഷണത്തിൽ ഉൾപ്പെടുന്നു. എൻക്രിപ്റ്റ് ചെയ്ത മെസേജിംഗ് ആപ്പുകളുടെ ഉപയോഗം, ചില ടെലഗ്രാം ചാനലുകളിൽ ജോയിൻ ചെയ്യുക, തീവ്രവാദ പ്രചാരണസാമഗ്രികൾ പങ്കുവെക്കൽ, വ്യക്തമായ വരുമാനസ്രോതസ്സില്ലാതെ ചില ക്രിപ്റ്റോകറൻസികളുടെ ഉപയോഗം എന്നിവയും എസ്ഒപി പരാമർശിക്കുന്നു. ഇത്തരം ഡിജിറ്റൽ സൂചനകളിൽ പലതും യഥാർഥ സുരക്ഷാ അന്വേഷണങ്ങളുടെ ഭാഗമാകാൻ സാധ്യതയുള്ളവയാണ്.

രേഖയിൽ മദ്റസകൾ സന്ദർശിക്കൽ, ഇഅ്തികാഫ് അനുഷ്ഠിക്കൽ, ഇസ്‌ലാമിക കടമയുടെ പേരിൽ പഠനമോ ജോലിയോ ഉപേക്ഷിക്കൽ തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം തിരിച്ചറിയപ്പെട്ട വ്യക്തികളുടെ ഡോസിയറുകൾ തയ്യാറാക്കുകയും അവ പ്രതിമാസം പുതുക്കുകയും അവരുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുകയും ചെയ്യണമെന്ന് നിർദേശിക്കുന്നു.

രേഖയുടെ തുടർന്നുള്ള ഭാഗങ്ങളിൽ കൗൺസിലിംഗ്, ഡി-റാഡിക്കലൈസേഷൻ പരിപാടികൾ, കുടുംബാംഗങ്ങളുടെയും മനഃശാസ്ത്ര വിദഗ്ധരുടെയും മതപണ്ഡിതരുടെയും പങ്കാളിത്തം, വിദ്യാഭ്യാസത്തിലേക്കും തൊഴിലിലേക്കും തിരിച്ചെത്തിക്കാൻ സഹായിക്കൽ എന്നിവയെക്കുറിച്ചും പറയുന്നു.

**മതപരമായ ആചാരങ്ങൾ തന്നെ സംശയത്തിന്റെ വിഷയമാകുമ്പോൾ സാധാരണ വിശ്വാസികൾ പോലും തങ്ങൾ സ്ഥിരനിരീക്ഷണത്തിലാണെന്ന തോന്നൽ അനുഭവിച്ചേക്കാം. അത് ഭരണകൂടവും ന്യൂനപക്ഷസമൂഹവും തമ്മിലുള്ള വിശ്വാസബന്ധത്തെ ദുർബലമാക്കും. സുരക്ഷാസംവിധാനങ്ങൾ വിജയിക്കണമെങ്കിൽ ജനങ്ങളുടെ സഹകരണവും വിശ്വാസവും അനിവാര്യമാണ്. എന്നാൽ ഒരു സമൂഹം മുഴുവൻ സംശയിക്കപ്പെടുന്നുവെന്ന ബോധം വളർന്നാൽ ആ വിശ്വാസം നഷ്ടപ്പെടാനുള്ള സാധ്യത വർധിക്കും. തീവ്രവാദത്തിനെതിരായ പോരാട്ടം അനിവാര്യമാണ്. എന്നാൽ അത് മതനിഷ്ഠയ്ക്കെതിരായ പോരാട്ടമായി മാറരുത്.**

തുടർന്ന് സമൂഹ പരിപാടികൾ സംഘടിപ്പിക്കുക, പള്ളികളിലും മദ്റസകളിലും സെമിനാറുകൾ നടത്തുക, ഒടുവിൽ തിരിച്ചറിഞ്ഞ വ്യക്തികളുടെ മേൽ ദീർഘകാല നിരീക്ഷണം തുടരുക തുടങ്ങിയ നിർദേശങ്ങളും എസ്ഒപിയുടെ ഭാഗമാണ്. നിയമലംഘനമോ അതിനുള്ള തയ്യാറെടുപ്പോ കണ്ടെത്തിയാൽ ഭാരതീയ ന്യായ സംഹിതയുടെയും യുഎപിഎയുടെയും കീഴിൽ നടപടിയെടുക്കാമെന്നും രേഖ വ്യക്തമാക്കുന്നു.

രേഖയുടെ ഘടന പരിശോധിക്കുമ്പോൾ തീവ്രവാദ പ്രതിരോധത്തിനൊപ്പം കൗൺസിലിംഗിനും പുനരധിവാസത്തിനും പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. എന്നാൽ ഇതിലെ നിരവധി നിരീക്ഷണ മാനദണ്ഡങ്ങൾ സാധാരണ മുസ്‌ലിം മതജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നതാണ് ഉയരുന്ന ഏറ്റവും വലിയ ആശങ്ക.

**വിവാദവ്യവസ്ഥകൾ**

ഏതൊരു സുരക്ഷാ മാർഗനിർദേശവും വിലയിരുത്തപ്പെടേണ്ടത് അത് എന്തു ലക്ഷ്യമിടുന്നു എന്നതിനെക്കാൾ, അത് എങ്ങനെയാണ് ആ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ്. തീവ്രവാദം, ഭീകരസംഘടനകളുമായുള്ള ബന്ധം, അക്രമത്തിനുള്ള തയ്യാറെടുപ്പ്, സ്ഫോടകവസ്തുക്കളുടെ ശേഖരണം, ഭീകരപ്രചാരണം എന്നിവ സുരക്ഷാ ഏജൻസികളുടെ നിരീക്ഷണ വിഷയമാകുന്നതിൽ അസ്വാഭാവികതയില്ല. എന്നാൽ അതിനൊപ്പം തന്നെ സാധാരണ മുസ്‌ലിം മതജീവിതത്തിന്റെ ഭാഗമായ നിരവധി കാര്യങ്ങളും 'അപകടസൂചനകളുടെ' പട്ടികയിൽ ഉൾപ്പെടുത്തിയതാണ് ആശങ്കകൾക്ക് കാരണമായത്.

ഉദാഹരണത്തിന്, പെട്ടെന്ന് താടി വളർത്തുക, നിഖാബ് ധരിക്കാൻ തുടങ്ങുക, അറബി പദങ്ങൾ കൂടുതലായി ഉപയോഗിക്കുക തുടങ്ങിയവ പെരുമാറ്റപരമായ മാറ്റങ്ങളായി എസ്ഒപിയിൽ പരാമർശിക്കപ്പെടുന്നു. എന്നാൽ ഇവയിൽ ഒന്നും നിയമവിരുദ്ധമായ പ്രവൃത്തികളല്ല. മറിച്ച് ലോകമെമ്പാടുമുള്ള കോടിക്കണക്കിന് മുസ്‌ലിംകൾ അവരുടെ മതവിശ്വാസത്തിന്റെ ഭാഗമായി അനുഷ്ഠിക്കുന്ന കാര്യങ്ങളാണ്.

അതുപോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിം സമൂഹത്തിനെതിരെ നടക്കുന്ന ആക്രമണങ്ങളിൽ ശക്തമായ അമർഷമോ പ്രതിഷേധമോ പ്രകടിപ്പിക്കുന്നതും നിരീക്ഷണത്തിനുള്ള ഘടകമായി പരാമർശിക്കപ്പെടുന്നു. ലോകത്തെവിടെയെങ്കിലും (ഉദാ: ഗസ്സ) മുസ്‌ലിംകൾ അന്യായമായി കൊല്ലപ്പെടുകയോ മനുഷ്യാവകാശ ലംഘനൾക്ക് ഇരകളാവുകയോ ചെയ്യുന്നതിൽ ഒരു മുസ്‌ലിം വേദനിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത് മതപരവും മാനുഷികവുമായ സ്വാഭാവിക പ്രതികരണമാണ്. അതിനെ സുരക്ഷാ സംശയത്തിന്റെ ഭാഗമായി കാണുന്നത് ശരിയല്ല.

എസ്ഒപിയിൽ 'സലഫി-വഹാബി സ്വാധീനമുള്ളവരെ' പ്രത്യേകമായി നിരീക്ഷിക്കണമെന്നും നിർദേശിക്കുന്നുണ്ട്. ഇന്ത്യയിലെ മുസ്‌ലിം സമൂഹത്തിനകത്ത് വ്യത്യസ്ത മതധാരകളും ചിന്താപരമ്പരകളും നിലനിൽക്കുന്നു. അവയിൽ ഏതെങ്കിലും ഒരു മതധാരയെ അന്യായമായി സുരക്ഷാഭീഷണിയുമായി ബന്ധപ്പെടുത്തുന്നത് മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഗുരുതരമായ ചോദ്യങ്ങൾ ഉയർത്തുന്നു.

അതിലും ശ്രദ്ധേയമായത് മദ്റസകളെയും മതപണ്ഡിതന്മാരെയും സംബന്ധിച്ച നിർദേശങ്ങളാണ്. മദ്റസകളിൽ പഠിപ്പിക്കുന്ന മൗലവിമാരുടെ വിവരങ്ങൾ ശേഖരിച്ച് ഡയറക്ടറി തയ്യാറാക്കുക, അവരുടെ പശ്ചാത്തലം പരിശോധിക്കുക, അവർ ഏതെങ്കിലും 'തീവ്ര പ്രത്യയശാസ്ത്ര' സംഘടനകളുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കുക തുടങ്ങിയ നിർദേശങ്ങൾ രേഖയിലുണ്ട്. ഇന്ത്യയിൽ ആയിരക്കണക്കിന് മദ്റസകൾ പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്നുണ്ട്. അവയിൽ പഠിക്കുന്ന ലക്ഷക്കണക്കിന് വിദ്യാർഥികൾ സാധാരണ മതവിദ്യാഭ്യാസമാണ് നേടുന്നത്. അത്തരം സ്ഥാപനങ്ങളെ പൊതുവിൽ സംശയത്തിന്റെ നിഴലിൽ നിർത്തുന്നത് മുഴുവൻ സമൂഹത്തോടുള്ള അവിശ്വാസത്തിന്റെ സന്ദേശം നൽകുമെന്ന കാര്യത്തിൽ സംശയമില്ല.

മറ്റൊരു വിവാദവ്യവസ്ഥ ഇഅ്തികാഫിനെക്കുറിച്ചുള്ളതാണ്. റമദാനിന്റെ അവസാന പത്ത് ദിവസങ്ങളിൽ പള്ളിയിൽ ആരാ



**ലോകമെമ്പാടുമുള്ള കോടിക്കണക്കിന് മതനിഷ്ഠരായ മുസ്‌ലിംകൾ സമാധാനപരമായി ജീവിക്കുകയും സമൂഹത്തിന് വിലപ്പെട്ട സംഭാവനകൾ നൽകുകയുമാണ് ചെയ്യുന്നത്. ഒരു ചെറിയ വിഭാഗത്തിന്റെ അക്രമാസക്ത പ്രവർത്തനങ്ങളുടെ പേരിൽ ഒരു മതസമൂഹത്തിന്റെ സാധാരണ മതജീവിതത്തെ സംശയത്തിന്റെ കണ്ണിലൂടെ കാണുന്നത് നീതിപൂർവമായ സമീപനമല്ല. അതിനെക്കാൾ ഗുരുതരമായ പ്രത്യാഘാതവും ഇതിനുണ്ട്.**

ധനയ്ക്കും ആത്മവിചിന്തനത്തിനുമായി കഴിയുന്ന ഇഅ്തികാഫ് ഇസ്‌ലാമിലെ സുപ്രധാന സുന്നത്തുകളിൽ ഒന്നാണ്. എന്നാൽ എസ്ഒപിയിൽ ‘ആസൂത്രിത പ്രവർത്തനങ്ങൾക്ക് മുമ്പ് ഇഅ്തികാഫ് ഇരിക്കുക’ എന്നത് ഒരു നിരീക്ഷണ സൂചനയായി പരാമർശിക്കപ്പെടുന്നു. ഇതിലൂടെ ഇഅ്തികാഫ് പോലുള്ള ഒരു മതാചാരം പോലും സംശയത്തിന്റെ കണ്ണിലൂടെ കാണപ്പെടുന്നു.

താടി, നിഖാബ്, മദ്റസ, ഇഅ്തികാഫ്, അറബി ഭാഷ, മൗലവിമാർ, സലഫി ആശയധാര... ഈ ഘടകങ്ങളെ ഒരുമിച്ച് പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്; എസ്.ഒ.പിയിലെ നിരീക്ഷണ മാനദണ്ഡങ്ങൾ പ്രധാനമായും മുസ്‌ലിംകളുടെ മതപരമായ ജീവിതരീതിയുമായി ബന്ധപ്പെട്ടതാണ്. ഇതാണ് ഈ രേഖയെ സാധാരണ തീവ്രവാദ വിരുദ്ധ മാർഗനിർദേശത്തിൽനിന്ന് വ്യത്യസ്തമാക്കുന്നതും വിമർശനങ്ങൾക്ക് ഇടയാക്കുന്നതും.

ഒരു ജനാധിപത്യ സമൂഹത്തിൽ വ്യക്തികളുടെ പ്രവർത്തനഹങ്ങളെ അടിസ്ഥാനമാക്കിയാണ് അന്വേഷണം നടക്കേണ്ടത്; അവരുടെ മതപരമായ തിരിച്ചറിയലിനെയോ ആരാധനാരീതികളെയോ അടിസ്ഥാനമാക്കിയല്ല. ഈ അടിസ്ഥാന തത്ത്വം ലംഘിക്കപ്പെടുമ്പോൾ സുരക്ഷയും വിവേചനവും തമ്മിലുള്ള അതിർവരമ്പ് മങ്ങിത്തുടങ്ങുന്നു.

**മതനിഷ്ഠയും തീവ്രവാദവും ഒന്നാണോ?**

എസ്ഒപി ഉയർത്തുന്ന ഏറ്റവും അടിസ്ഥാനപരമായ ചോദ്യം ഇതാണ്: ‘ഒരു വ്യക്തി കൂടുതൽ മതനിഷ്ഠനായ മുസ്‌ലിമാകുന്നത് അയാൾ കൂടുതൽ അപകടകാരിയാകുന്നു എന്നതിന്റെ തെളിവാണോ?’ ഈ ചോദ്യത്തിന് വസ്തുനിഷ്ഠമായ ഉത്തരം നൽകേണ്ടത് അത്യാവശ്യമാണ്.

**തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് പഠന-ഗവേഷങ്ങൾ നടത്തുന്നവർ ചൂണ്ടിക്കാണിക്കുന്നത്, അക്രമാസക്ത തീവ്രവത്കരണം ഒരു സങ്കീർണമായ സാമൂഹിക-രാഷ്ട്രീയ-മനഃശാസ്ത്ര പ്രക്രിയയാണെന്നാണ്. വ്യക്തിപരമായ ഒറ്റപ്പെടൽ, രാഷ്ട്രീയ സാഹചര്യങ്ങൾ, ഓൺലൈൻ പ്രചാരണം, യുദ്ധാനുഭവങ്ങൾ, മാനസിക ഘടകങ്ങൾ, സാമൂഹിക ശൃംഖലകൾ തുടങ്ങി നിരവധി ഘടകങ്ങൾ അതിൽ സ്വാധീനം ചെലുത്തുന്നു. ഒരു മതത്തിന്റെ ചിഹ്നങ്ങളെ മാത്രം അതിന്റെ സൂചകമായി കണക്കാക്കാനാവില്ല. അത് കടുത്ത അനീതിയാണ്.**

ലോകത്തിലെ എല്ലാ മതങ്ങളിലും വിശ്വാസത്തിന്റെ ബാഹ്യപ്രകടനങ്ങളുണ്ട്. സിഖുകാർ തലപ്പാവ് ധരിക്കുന്നു. ജൂതന്മാർ കിപ്പ ധരിക്കുന്നു. ക്രൈസ്തവ പുരോഹിതന്മാർ പ്രത്യേക വസ്ത്രങ്ങൾ ധരിക്കുന്നു. ഹിന്ദു സന്യാസിമാർ കാവിവസ്ത്രം ധരിക്കുകയും തിലകം ചാർത്തുകയും ചെയ്യുന്നു. താടിയും മുടിയും വടിക്കുകയോ വെട്ടുകയോ ചെയ്യാതെ നടക്കുന്നവരുമുണ്ട്. മുസ്‌ലിംകൾക്ക് താടിവളർത്തൽ, സ്ത്രീകൾ ഹിജാബ്, നിഖാബ് എന്നിവ ധരിക്കൽ, അറബിയിൽ അഭിവാദ്യമർപ്പിക്കൽ, പള്ളിയിൽ വെച്ച് നമസ്കരിക്കൽ, ഇഅ്തികാഫ്, മതപഠനം... എന്നിവയെല്ലാം മതജീവിതത്തിന്റെ ഭാഗമാണ്.

ഈ മതാചാരങ്ങൾ സ്വയം ഒരു കുറ്റകൃത്യത്തിന്റെ തെളിവല്ല. ഒരു വ്യക്തി നിഖാബ് ധരിക്കുന്നതും മറ്റൊരാൾ ഭീകരവാദ പ്രവർത്തനത്തിൽ ഏർപ്പെടുന്നതും തമ്മിൽ കാരണ-ഫല ബന്ധമുണ്ടെന്ന് സ്ഥാപിക്കുന്ന ശാസ്ത്രീയ തെളിവുകളില്ല. അതുപോലെ താടി വളർത്തുന്നതും ഇഅ്തികാഫ് അനുഷ്ഠിക്കുന്നതും മദ്റസയിൽ പഠിക്കുന്നതും ഒരു വ്യക്തിയെ അക്രമാസക്തനാക്കുന്നുവെന്ന് തെളിയിക്കുന്ന വിശ്വസനീയമായ ഗവേഷണങ്ങളും നിലവിലില്ല.

യഥാർഥത്തിൽ, തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് പഠന-ഗവേഷങ്ങൾ നടത്തുന്നവർ ചൂണ്ടിക്കാണിക്കുന്നത്, അക്രമാസക്ത തീവ്രവത്കരണം ഒരു സങ്കീർണമായ സാമൂഹിക-രാഷ്ട്രീയ-മനഃശാസ്ത്ര പ്രക്രിയയാണെന്നാണ്. വ്യക്തിപരമായ ഒറ്റപ്പെടൽ, രാഷ്ട്രീയ സാഹചര്യങ്ങൾ, ഓൺലൈൻ പ്രചാരണം, യുദ്ധാനുഭവങ്ങൾ,

മാനസിക ഘടകങ്ങൾ, സാമൂഹിക ശൃംഖലകൾ തുടങ്ങി നിരവധി ഘടകങ്ങൾ അതിൽ സ്വാധീനം ചെലുത്തുന്നു. ഒരു മതത്തിന്റെ ചിഹ്നങ്ങളെ മാത്രം അതിന്റെ സൂചകമായി കണക്കാക്കാനാവില്ല. അത് കടുത്ത അനീതിയാണ്.

ഇവിടെയാണ് 'മതനിഷ്ഠ'യും (Religiosity) 'അക്രമാസക്ത തീവ്രവത്കരണ'വും (Violent Radicalisation) തമ്മിലുള്ള നിർണായകമായ വ്യത്യാസം മനസ്സിലാക്കേണ്ടത്. മതനിഷ്ഠ എന്നത് ഒരാളുടെ വിശ്വാസജീവിതത്തിന്റെ ആഴമാണ്. തീവ്രവത്കരണം എന്നത് അക്രമത്തെ ന്യായീകരിക്കുകയും മറ്റുള്ളവർക്കെതിരെ അതുപയോഗിക്കാൻ തയ്യാറാവുകയും ചെയ്യുന്ന പ്രത്യയശാസ്ത്രപരമായ നിലപാടാണ്. ഇവ രണ്ടും ഒന്നല്ല.

വാസ്തവത്തിൽ, ലോകമെമ്പാടുമുള്ള കോടിക്കണക്കിന് മതനിഷ്ഠരായ മുസ്‌ലിംകൾ സമാധാനപരമായി ജീവിക്കുകയും സമൂഹത്തിന് വിലപ്പെട്ട സംഭാവനകൾ നൽകുകയുമാണ് ചെയ്യുന്നത്. ഒരു ചെറിയ വിഭാഗത്തിന്റെ അക്രമാസക്ത പ്രവർത്തനങ്ങളുടെ പേരിൽ ഒരു മതസമൂഹത്തിന്റെ സാധാരണ മതജീവിതത്തെ സംശയത്തിന്റെ കണ്ണിലൂടെ കാണുന്നത് നീതിപൂർവമായ സമീപനമല്ല. അതിനെക്കാൾ ഗുരുതരമായ പ്രത്യാഘാതവും ഇതിനുണ്ട്.

മതപരമായ ആചാരങ്ങൾ തന്നെ സംശയത്തിന്റെ വിഷയമാകുമ്പോൾ സാധാരണ വിശ്വാസികൾ പോലും തങ്ങൾ സ്ഥിരനിരീക്ഷണത്തിലാണെന്ന തോന്നൽ അനുഭവിച്ചേക്കാം. അത് ഭരണകൂടവും ന്യൂനപക്ഷസമൂഹവും തമ്മിലുള്ള വിശ്വാസബന്ധത്തെ ദുർബലമാക്കും. സുരക്ഷാസംവിധാനങ്ങൾ വിജയിക്കണമെങ്കിൽ ജനങ്ങളുടെ സഹകരണവും വിശ്വാസവും അനിവാര്യമാണ്. എന്നാൽ ഒരു സമൂഹം മുഴുവൻ സംശയിക്കപ്പെടുന്നുവെന്ന ബോധം വളർന്നാൽ ആ വിശ്വാസം നഷ്ടപ്പെടാനുള്ള സാധ്യത വർധിക്കും. തീവ്രവാദത്തിനെതിരായ പോരാട്ടം അനിവാര്യമാണ്. എന്നാൽ അത് മതനിഷ്ഠയ്ക്കെതിരായ പോരാട്ടമായി മാറരുത്. കാരണം ഒരു ജനാധിപത്യ സമൂഹത്തിൽ കുറ്റകൃത്യങ്ങളെ അന്വേഷിക്കണം, മതത്തെയല്ല; അക്രമത്തെ തടയണം, വിശ്വാസത്തെയല്ല.



### ഭരണഘടനയും പൗരാവകാശങ്ങളും

ഇന്ത്യൻ ഭരണഘടന എല്ലാ പൗരന്മാർക്കും നിയമത്തിന് മുന്നിൽ തുല്യത ഉറപ്പുനൽകുന്നു. അനുച്ഛേദം 14 പ്രകാരം ഓരോ പൗരനും നിയമത്തിന്റെ തുല്യ സംരക്ഷണത്തിന് അർഹനാണ്. ഒരു വ്യക്തിയുടെ മതപരമായ തിരിച്ചറിയലിന്റെ അടിസ്ഥാനത്തിൽ മാത്രം അയാളെ കൂടുതൽ സംശയത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നത് ഈ തത്ത്വവുമായി എത്രത്തോളം പൊരുത്തപ്പെടുന്നു എന്ന ചോദ്യം സ്വാഭാവികമായി ഉയരുന്നു.

അനുച്ഛേദം 15 മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുന്നു. ഒരു സുരക്ഷാനയത്തിന്റെ പ്രായോഗികഫലം പ്രധാനമായും ഒരു പ്രത്യേക മതവിഭാഗത്തെ ബാധിക്കുന്നതാണെങ്കിൽ, അത് വിവേചനപരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇതിലും പ്രധാനമാണ് അനുച്ഛേദം 25, ഓരോ പൗരനും തന്റെ മതം സ്വതന്ത്രമായി ആചരിക്കാനും പ്രചരിപ്പിക്കാനും അവകാശമുണ്ടെന്ന് അത് വ്യക്തമാക്കുന്നു.

സ്വകാര്യതയുടെ അവകാശവും ഇവിടെ പ്രസക്തമാണ്. 2017ൽ സുപ്രീംകോടതി Justice K. S. Puttaswamy vs Union of

India കേസിൽ സ്വകാര്യതയെ (Right to Privacy) ഭരണഘടനാപരമായ മൗലികാവകാശമായി പ്രഖ്യാപിച്ചു. ഒരു വ്യക്തിയുടെ മതപരമായ ജീവിതം, ആരാധന, സാമൂഹികബന്ധങ്ങൾ, യാത്രകൾ, ഡിജിറ്റൽ ഇടപെടലുകൾ എന്നിവയെക്കുറിച്ച് വ്യാപകമായ വിവരശേഖരണം നടത്തുമ്പോൾ അത് ആവശ്യകത, ആനുപാതികത (Proportionality), നിയമസാധുത എന്നീ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നത് ഭരണഘടനാപരമായി വിലയിരുത്തപ്പെടേണ്ട വിഷയമാണ്.

സുരക്ഷയും സ്വാതന്ത്ര്യവും തമ്മിൽ സന്തുലനം പാലിക്കുക എന്നത് എല്ലാ ജനാധിപത്യ രാഷ്ട്രങ്ങളുടെയും വെല്ലുവിളിയാണ്. എന്നാൽ ഭരണഘടനയുടെ ആത്മാവ് ഒരു കാര്യം വ്യക്തമാക്കുന്നു. ഒരു വ്യക്തിയുടെ മതപരമായ സ്വത്വം ഒരിക്കലും കുറ്റകൃത്യത്തിനുള്ള പകരം തെളിവാകാൻ പാടില്ല. അന്വേഷണത്തിന്റെ അടിസ്ഥാനമാകേണ്ടത് വിശ്വാസമല്ല, തെളിവാണ്; മതപരമായ ആചാരങ്ങളല്ല, നിയമവിരുദ്ധമായ പ്രവർത്തനങ്ങളാണ്.

**ആഗോള പശ്ചാത്തലം**

ഗുജറാത്തിലെ ആന്റി-റാഡിക്കലൈസേഷൻ എസ്ഒപി ഒറ്റപ്പെട്ട ഒരു സംഭവമല്ല. കഴിഞ്ഞ ഇരുപത്തഞ്ച് വർഷത്തിനിടെ ലോകത്തിന്റെ പല ഭാഗങ്ങളിലും മുസ്‌ലിം സമൂഹത്തെ സുരക്ഷാ ചർച്ചകളുടെ കേന്ദ്രത്തിലേക്ക് കൊണ്ടുവന്ന സമാനമായ പ്രവണതകൾ രൂപപ്പെട്ടിട്ടുണ്ട്.

2001 സെപ്റ്റംബർ 11ലെ ആക്രമണങ്ങൾക്ക് ശേഷം ലോകമെമ്പാടും 'ഭീകരവാദത്തിനെതിരായ യുദ്ധം' (War on Terror) എന്ന പേരിൽ നിരവധി സുരക്ഷാ നിയമങ്ങൾ നടപ്പിലാക്കി. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി തുടങ്ങി നിരവധി രാജ്യങ്ങളിൽ രഹസ്യനിരീക്ഷണം ശക്തിപ്പെടുത്തുകയും അതിർത്തി നിയന്ത്രണങ്ങൾ കർശനമാക്കുകയും ഇന്റലിജൻസ് സംവിധാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുകയും ചെയ്തു.

**ഒരു വ്യക്തിയുടെ മതപരമായ സ്വത്വം അയാളുടെ കുറ്റകൃത്യത്തിന്റെ തെളിവല്ല. അത് അന്വേഷണത്തിന്റെ തുടക്കബിന്ദുവാകാൻ പാടില്ല. ഇന്ത്യയുടെ ബഹുസ്വരതയും ഭരണഘടനയും ആവശ്യപ്പെടുന്നതും ഇതുതന്നെയാണ്. സുരക്ഷാ ഏജൻസികൾ കുറ്റവാളികളെ കണ്ടെത്തണം. പക്ഷേ, ഒരു സമൂഹത്തെ മുഴുവൻ സംശയിക്കരുത്. കാരണം ഒരു സമൂഹത്തിന്റെ വിശ്വാസം നഷ്ടപ്പെടുന്നിടത്ത് സുരക്ഷയും ദുർബലമാകും. യഥാർഥ സുരക്ഷ ജനങ്ങളുടെയും ഭരണകൂടത്തിന്റെയും പരസ്പര വിശ്വാസത്തിൽനിന്നാണ് ഉണ്ടാകുന്നത്; അവിശ്വാസത്തിൽനിന്നല്ല.**

അമേരിക്കയിൽ ന്യൂയോർക്ക് പോലീസ് മുസ്‌ലിം പള്ളികൾ, വിദ്യാർഥി സംഘടനകൾ, ഹലാൽ ഭക്ഷണശാലകൾ, മുസ്‌ലിം ബിസിനസുകൾ എന്നിവ വർഷങ്ങളോളം വ്യാപകമായി നിരീക്ഷിക്കപ്പെട്ടതായി പിന്നീട് പുറത്തുവന്ന രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ വർഷങ്ങളായുള്ള ഈ നിരീക്ഷണത്തിലൂടെ ഒരു ഭീകരാക്രമണം പോലും തടയാൻ കഴിഞ്ഞിട്ടില്ലെന്ന് പിന്നീട് പുറത്തുവന്ന അന്വേഷണങ്ങൾ ചൂണ്ടിക്കാട്ടി.

ബ്രിട്ടനിലെ Prevent Strategyയും സമാനമായ വിവാദങ്ങൾക്ക് വഴിവെച്ചു. സ്കൂളുകളിലും സർവകലാശാലകളിലും പൊതുസ്ഥാപനങ്ങളിലുമുള്ള അധ്യാപകരും ജീവനക്കാരും 'റാഡിക്കലൈസേഷൻ' സൂചനകൾ കണ്ടെത്താൻ ബാധ്യസ്ഥരാക്കപ്പെട്ടപ്പോൾ, മുസ്‌ലിം വിദ്യാർഥികൾ അനാവശ്യമായ സംശയത്തിനും അന്വേഷണങ്ങൾക്കും വിധേയരാകുന്നുവെന്ന വിമർശനമുയർന്നു. ചില കുട്ടികൾ ഖുർആനെക്കുറിച്ചോ ഫലസ്തീനെക്കുറിച്ചോ സംസാരിച്ചതിന്റെ പേരിൽ പോലും അധികൃതർക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങൾ അന്താരാഷ്ട്ര മാധ്യമങ്ങളിൽ പുറത്തുവിട്ടിട്ടുണ്ട്.

ഫ്രാൻസിൽ മതനിരപേക്ഷതയുടെ പേരിൽ ഹിജാബ്, നിഖാബ്, അബായ തുടങ്ങിയ വസ്ത്രങ്ങളെ ചുറ്റിപ്പറ്റിയുള്ള വിവാദങ്ങളും, പള്ളികൾക്കും മുസ്‌ലിം സംഘടനകൾക്കുമെതിരായ നടപടികളും മുസ്‌ലിം സമൂഹത്തിൽ വലിയ ആശങ്കകൾ സൃഷ്ടിച്ചു.

ഈ അനുഭവങ്ങളിൽനിന്ന് ഒരു പ്രധാന പാഠം ലഭി

ക്കുന്നു; സുരക്ഷാനയങ്ങൾ ഒരു പ്രത്യേക മതസമൂഹത്തെ കേന്ദ്രീകരിച്ച് രൂപപ്പെടുമ്പോൾ, അവ സാമൂഹിക വിശ്വാസം വർധിപ്പിക്കുന്നതിനെക്കാൾ വിഭജനം വർധിപ്പിക്കുകയാണ് ചെയ്യുന്നത്.

**ഇസ്‌ലാം; തീവ്രവാദത്തിനും അനീതിക്കുമെതിര്**

ഇത്തരം ചർച്ചകളിൽ പലപ്പോഴും ഒരു തെറ്റായ ധാരണ പ്രചരിപ്പിക്കപ്പെടാറുണ്ട്; ഇസ്‌ലാമിന്റെ ബാഹ്യമായ മതാചാരങ്ങളും അക്രമാസക്ത തീവ്രവാദവും തമ്മിൽ ഏതെങ്കിലും സ്വാഭാവിക ബന്ധമുണ്ടെന്ന ധാരണ. എന്നാൽ ഇസ്‌ലാമിക പ്രമാണങ്ങൾ പരിശോധിക്കുമ്പോൾ ഈ ധാരണയ്ക്ക് അടിസ്ഥാനമില്ലെന്ന് വ്യക്തമാകും.

ഒരാളെ അന്യായമായി കൊലപ്പെടുത്തുന്നത് മുഴുവൻ മനുഷ്യരെയും കൊലപ്പെടുത്തുന്നതിനു തുല്യമാണെന്നും ഒരാളുടെ ജീവൻ രക്ഷിക്കുന്നത് മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിക്കുന്നതിനു തുല്യമാണെന്നും ഖുർആൻ (5:32) പറയുന്നുണ്ട്.

ഇതരമതസ്ഥരോടുള്ള സമീപനം എങ്ങനെയായിരിക്കണമെന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്: "മത കാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിപാലിക്കു ന്നവരെ ഇഷ്ടപ്പെടുന്നു" (60:8).

അതുകൊണ്ട് നിരപരാധികളെ ലക്ഷ്യമിടുന്ന അക്രമം, ഭീകരത, സമൂഹത്തിൽ ഭീതിപരത്തൽ, നിയമം കൈയിലെടുക്കൽ എന്നിവയ്ക്ക് ഇസ്‌ലാമിൽ സ്ഥാനമില്ല.

**സുരക്ഷയും സ്വാതന്ത്ര്യവും**

തീവ്രവാദത്തെ പ്രതിരോധിക്കേണ്ടത് ഒരു സർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. പൗരന്മാരുടെയും രാജ്യത്തിന്റെയും സുരക്ഷയ്ക്കായി ഇന്റലിജൻസ് സംവിധാനങ്ങളും അന്വേഷണ ഏജൻസികളും ശക്തമായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ, അതോടൊപ്പം മറ്റൊരു അടിസ്ഥാന സത്യവും അംഗീകരിക്കണം. സുരക്ഷയുടെ പേരിൽ പൗരസ്വാതന്ത്ര്യങ്ങൾ ഇല്ലാതാക്കരുത്. ഒരു ജനാധിപത്യരാഷ്ട്രത്തിന്റെ ശക്തി അതിന്റെ പോലീസ് സംവിധാനത്തിലോ ആയുധശേഖരത്തിലോ മാത്രമല്ല; നിയമവാഴ്ചയിലും നീതിയിലും ഭരണഘടനയോടുള്ള പ്രതിബദ്ധതയിലുമാണ്.

അതുകൊണ്ടാണ് ആധുനിക സുരക്ഷാ പഠനങ്ങളിൽ ഒരു പ്രധാന തത്ത്വം അംഗീകരിക്കപ്പെടുന്നത്; Behaviour-Based Policing, അതായത് വ്യക്തിയുടെ മതമോ വംശമോ അല്ല, അയാളുടെ യഥാർഥ പെരുമാറ്റവും നിയമവിരുദ്ധ പ്രവർത്തനങ്ങളുമാണ് അന്വേഷണത്തിന്റെ അടിസ്ഥാനമാകേണ്ടത്.

ഒരു വ്യക്തി ഭീകരസംഘടനകളുമായി ബന്ധപ്പെടുന്നുണ്ടെങ്കിൽ, അക്രമത്തിന് ആഹ്വാനം ചെയ്യുന്നുണ്ടെങ്കിൽ, ആയുധങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിൽ, സ്ഫോടകവസ്തുക്കൾ നിർമിക്കുന്നുണ്ടെങ്കിൽ, ഭീകരപ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടെങ്കിൽ അയാളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ, ഒരു വ്യക്തി ഖുർആൻ പഠിക്കുന്നതുകൊണ്ടോ, താടിവളർത്തുന്നതുകൊണ്ടോ, പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുന്നതുകൊണ്ടോ, അറബി സംസാരിക്കുന്നതു കൊണ്ടോ, മദ്റസയിൽ പഠിക്കുന്നതുകൊണ്ടോ, ഫലസ്തീനിലെ മനുഷ്യാവകാശ ലംഘനങ്ങളിൽ പ്രതിഷേധിക്കുന്നതുകൊണ്ടോ അയാൾ സുരക്ഷാഭീഷണിയാകുന്നില്ല.

ഒരു വ്യക്തിയുടെ മതപരമായ സ്വത്വം അയാളുടെ കുറ്റകൃത്യത്തിന്റെ തെളിവല്ല. അത് അന്വേഷണത്തിന്റെ തുടക്കബിന്ദുവാകാൻ പാടില്ല. ഇന്ത്യയുടെ ബഹുസ്വരതയും ഭരണഘടനയും ആവശ്യപ്പെടുന്നതും ഇതുതന്നെയാണ്. സുരക്ഷാ ഏജൻസികൾ കുറ്റവാളികളെ കണ്ടെത്തണം. പക്ഷേ, ഒരു സമൂഹത്തെ മുഴുവൻ സംശയിക്കരുത്. കാരണം ഒരു സമൂഹത്തിന്റെ വിശ്വാസം നഷ്ടപ്പെടുന്നിടത്ത് സുരക്ഷയും ദുർബലമാകും. യഥാർഥ സുരക്ഷ ജനങ്ങളുടെയും ഭരണകൂടത്തിന്റെയും പരസ്പര വിശ്വാസത്തിൽനിന്നാണ് ഉണ്ടാകുന്നത്; അവിശ്വാസത്തിൽനിന്നല്ല. ■



# ശീഇസവും പിശാചിന്റെ കുതന്ത്രങ്ങളും

ശമീർ മദീനി
: 9048 221 212

പിശാചിന്റെ കെണികളും കുതന്ത്രങ്ങളും താരതമ്യം ചെയ്ത് പഠനവിധേയമാക്കുമ്പോൾ പല അത്ഭുതങ്ങളും കാണാനാകും. ഖവാരിജുകളെ പിരികയറ്റി തീവ്രതയിലേക്ക് എത്തിച്ചുകൊണ്ട് രക്തരൂക്ഷിതമായ ആക്രമണങ്ങളും ക്രൂരതകളും വിശ്വാസികൾക്ക് നേരെ (സ്വഹാബികൾക്ക് നേരെ പോലും) അഴിച്ചുവിടാൻ പിശാച് അവരെ പ്രേരിപ്പിച്ചു. മുഹാജിറുകളിലും അൻസ്വാറുകളിലും പെട്ട സ്വഹാബത്തിനെ കാഫിറുകളാക്കി മുദ്രകുത്തുകയും പലരെയും ക്രൂരമായി കൊലപ്പെടുത്തുകയും ചെയ്തു. അലി(റ) അടക്കമുള്ള പ്രവാചക കുടുംബ-ബന്ധുക്കളെ വരെ അധിക്ഷേപിക്കുകയും പരസ്യമായി ചീത്തവിളിക്കുകയുമൊക്കെ ചെയ്ത സംഭവങ്ങൾ കാണാം. ഇബ്നുൽ ജൗസി(റഹി) അതിൽ ചിലതൊക്കെ ഉദ്ധരിച്ച ശേഷം പറയുന്നത് ഇപ്രകാരമാണ്: ഇക്കൂട്ടരുടെ ഇതുപോലുള്ള ദീർഘമായ കഥകൾ ഇനിയും ഒരുപാട് പറയാനുണ്ട്. ആശ്ചര്യകരമായ വിശ്വാസങ്ങളും ആശയങ്ങളുമാണ് അവർക്കുണ്ടായിരുന്നത്. അവ വിശദീകരിച്ചുകൊണ്ട്

**ശീഇകൾ (ശിയാക്കൾ) എന്ന പേരിൽ അറിയപ്പെടുന്ന അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും യഥാർഥ ഇസ്‌ലാമിൽനിന്നും എത്രയോ വിദൂരെയാണ് എന്ന് കാര്യങ്ങൾ സത്യസന്ധമായി പഠനവിധേയ മാക്കുമ്പോൾ ബോധ്യപ്പെടുന്നതാണ്. ഇസ്‌ലാമിന്റെ ശത്രുക്കളാൽ പടക്കപ്പെട്ട, തികച്ചും ഇസ്‌ലാമിക വിരുദ്ധമായ ആശയങ്ങളാണ് ശീഇകൾ പേറുന്നത് എന്ന കാര്യം മുൻഗാമികളായ പല പണ്ഡിതന്മാരും ഉണർത്തിയിട്ടുള്ള ഒരു വസ്തുതയാണ്.**

ഇനിയും സമയം കളയാൻ നാം ഉദ്ദേശിക്കുന്നില്ല. മറിച്ച് നാം ഉദ്ദേശിച്ചത് ഈ വിവരദോഷികളെ പിശാച് കൊണ്ടുപോയി ചാടിച്ച കുതന്ത്രങ്ങളെ കുറിച്ച് ഓർമിപ്പിക്കാൻ മാത്രമാണ്. അവർ തങ്ങളുടെ തോന്നിവാസങ്ങളൊക്കെ ചെയ്തുകൂട്ടിയത് തങ്ങളാണ് അലി(റ)വിനെക്കാളും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന മുഹാജിറുകളും അൻസ്വാറുകളുമായ സ്വഹാബിമാരെക്കാളും അറിവുള്ളവരെന്നും, അവരൊക്കെയും പിഴവിലും തങ്ങളാണ് ശരിയുടെ വക്താക്കൾ എന്നുമുള്ള വിശ്വാസത്തിലുമായിരുന്നു. ബാഹ്യമായ ആരാധനകളിൽ ആരെയും പിന്നിലാക്കിയിരുന്ന ഇവർ അലി(റ) അടക്കമുള്ള വിശ്വാസികൾക്കെതിരെ ആയുധമെടുക്കുന്നതും അവരെ കൊല്ലുന്നതും രക്തം ചിന്തുന്നതുമെല്ലാം പുണ്യമായി കണ്ടു എന്നതും അത്ഭുതകരവും വിചിത്രവുമായ കാര്യമാണ്. അതേസമയം മറ്റൊരു വിഭാഗത്തെ അഥവാ ശീഇകളെ അഹ്‌ലു ബൈത്തിനോടുള്ള സ്‌നേഹത്തിന്റെയും ബഹുമാനത്തിന്റെയും പേരിൽ സർവ അതിരുകളും ഭേദിച്ച് അങ്ങേയറ്റം ഗുരുതരമായ വിശ്വാസ വൈകല്യങ്ങളിലേക്കും എത്തിക്കുവാൻ പിശാചിന് സാധിച്ചു. എത്രത്തോളമെന്നാൽ അലി(റ) തന്നെയാണ് അല്ലാഹു എന്ന് പോലും പറയുന്നവർ ഉണ്ടായി.'

അവരിൽ തന്നെയുള്ള ചിലരുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഇബ്‌നുൽ ജൗസി(റഹി) അക്കാര്യം 'തൽബീസു ഇബ്‌ലീസി'ൽ വിശദീകരിക്കുന്നുണ്ട്. (പേജ്: 109).

വേറെ ചിലർ അലി(റ) നബിമാരെക്കാൾ ശ്രേഷ്ഠനാണെന്ന് വാദിച്ചു. മറ്റുചിലരാകട്ടെ ഈ അതിരുവിട്ട സ്‌നേഹാദരവുകളുടെ ഭാഗമായി, അബൂബക്ർ(റ) അടക്കമുള്ളവരെ ചീത്ത പറയുന്നതിലേക്കും അവർ കാഫിറുകൾ അഥവാ അവിശ്വാസികളാണെന്ന് മുദ്രകുത്തുന്നതിലേക്കും വരെ എത്തി.

'ഇക്കൂട്ടർ കൊണ്ടുനടക്കുന്ന വിശ്വാസ വൈകല്യങ്ങൾ ധാരാളമുണ്ട്. അവ പറഞ്ഞ് സമയം കളയുന്നില്ല' എന്ന ആമുഖത്തോടെ അവയിൽ ചിലതൊക്കെ ഇബ്‌നുൽ ജൗസി(റഹി) എടുത്തുദ്ധരിക്കുന്നുണ്ട് (പേ:109).

അലി(റ)യാണ് അല്ലാഹു എന്നും അദ്ദേഹം തന്നെയാണ് ഹസനായും ഹുസൈനായും 'അവതരിച്ച'തെന്നും അദ്ദേഹമാണ് മുഹമ്മദ് നബിയെ നിയോഗിച്ചയച്ചതെന്നും തുടങ്ങി വികല വിശ്വാസങ്ങളുടെ നിരവധി രൂപങ്ങൾ അവരിൽ കാണാം. ശീഇകൾ (ശിയാക്കൾ) എന്ന പേരിൽ അറിയപ്പെടുന്ന അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും യഥാർഥ ഇസ്‌ലാമിൽനിന്നും എത്രയോ വിദൂരെയാണ് എന്ന് കാര്യങ്ങൾ സത്യസന്ധമായി പഠനവിധേയമാക്കുമ്പോൾ ബോധ്യപ്പെടുന്നതാണ്. ഇസ്‌ലാമിന്റെ ശത്രുക്കളാൽ പടക്കപ്പെട്ട, തികച്ചും ഇസ്‌ലാമിക വിരുദ്ധമായ ആശയങ്ങളാണ് ശീഇകൾ പേറുന്നത് എന്ന കാര്യം മുൻഗാമികളായ പല പണ്ഡിതന്മാരും ഉണർത്തിയിട്ടുള്ള ഒരു വസ്തുതയാണ്.

ഇബ്‌നു അഖീൽ(റഹി), ഇബ്‌നു ഹസം(റഹി), ഇബ്‌നു തൈമിയ്യ(റഹി) മുതലായവർ

ഉണർത്തിയ ഒരു വസ്തുതയുണ്ട്; തീർച്ചയായും ശീഇസം ഉണ്ടാക്കിയ ആളുകൾ മതത്തെയും മതത്തിന്റെ അടിസ്ഥാനങ്ങളെയും അഥവാ പ്രവാചകത്വത്തെയും ഇസ്‌ലാമിക വിശ്വാസങ്ങളെയും അധിക്ഷേപിക്കാനാണ് ലക്ഷ്യം വെച്ചത് എന്ന കാര്യം സ്പഷ്ടമാണ്. കാരണം അല്ലാഹുവിന്റെ റസൂൽ(സ്വ) കൊണ്ടുവന്ന സന്ദേശങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം തികച്ചും അദൃശ്യവും അജ്ഞാതവുമാണ്. നാം അതിൽ വിശ്വസിക്കുന്നത് അത് നമ്മളിലേക്ക് കൈമാറിത്തന്ന സച്ചരിതരായ മുൻഗാമികളുടെ വിശ്വാസ്യതയും സത്യസന്ധതയും അവരെക്കുറിച്ച് അറിഞ്ഞവരുടെ സാക്ഷ്യപ്പെടുത്തലുകളുമൊക്കെ കാരണമായാണ്. അങ്ങനെ നാം വിശ്വസിക്കുന്ന, വിശ്വസ്തരും സത്യസന്ധരുമായ അവർ നേരിൽ കണ്ടതും ഗ്രഹിച്ചതും നാം നേരിൽകണ്ട് ബോധ്യപ്പെട്ടതിനെക്കാൾ സത്യസന്ധവും ശക്തവുമായി നമുക്ക് ബോധ്യപ്പെട്ടു. എന്നാൽ പ്രവാചക വിയോഗത്തോടെ നബികുടുംബത്തോട് സ്വഹാബിമാരെല്ലാം അന്യായവും ക്രൂരതയും ചെയ്തു എന്നും പിന്നീട് വന്ന ഖലീഫമാർ അഹ്‌ലുബൈത്തിന്റെ ന്യായമായ അവകാശങ്ങൾ തട്ടിയെടുക്കുകയും അവരെ വഞ്ചിക്കുകയുമാണുണ്ടായത് എന്നുമൊക്കെയുള്ള ആരോപണങ്ങളിലൂടെ സത്യത്തിൽ പ്രവാചകനിലും അദ്ദേഹം പ്രചരിപ്പിച്ച ആദർശത്തിലുമുള്ള അനാദരവും അവിശ്വാസവും അവഹേളനവുമൊക്കെയാണ് പ്രകടമാകുന്നത്. കാരണം, പ്രവാചകന്മാരിലുള്ള സത്യസന്ധമായ വിശ്വാസം, അവർ പഠിപ്പിച്ച ആദർശം അനിവാര്യമായും

**മതത്തിൽ സ്ഥിരപ്പെട്ട എത്രയോ സംഗതികൾ ഇക്കൂട്ടർ നിഷേധിക്കുകയും പകരം യാതൊരു അടിസ്ഥാനവുമില്ലാത്ത വാറോലകൾ മതമായി കൊണ്ടുനടക്കുകയും ചെയ്യുന്ന കാഴ്ച അവരെ പഠിക്കുന്നവർക്ക് കാണാനാകുന്നതാണ്. ശിയാക്കളെ വെള്ളപൂശുകയും അവരുടെ ആശയങ്ങൾ അറിഞ്ഞോ അറിയാതെയോ സമൂഹത്തിലേക്ക് ഇറക്കുമതി ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യുന്നവർ ഇതൊന്നും അറിയുന്നില്ലേ എന്ന് ആലോചിച്ചുപോവുകയാണ്.**

സംരക്ഷിക്കപ്പെടുമെന്ന ബോധ്യമാണ് നമുക്ക് പകർന്നുനൽകുന്നത്; വിശിഷ്യാ അവരുടെ തന്നെ ആളുകളിലും സന്താനങ്ങളിലും. അതല്ലാതെ, പതിറ്റാണ്ടുകളോളം തന്റെ ശിഷ്യന്മാരായി കൂടെയുണ്ടായിരുന്നവർ കടുത്ത ചതിയന്മാരും വഞ്ചകന്മാരുമാവുക എന്നത് ഒരിക്കലും ഉണ്ടാവുകയില്ല. എന്നാൽ ശിയാക്കൾ പറയുന്നതുപോലെ ആ ആദ്യതലമുറക്കാർതന്നെ ചതിയന്മാരും വഞ്ചകരുമാണെങ്കിൽ അവരി ലൂടെ നമ്മിലേക്ക് എത്തിയ മതത്തിൽ എന്ത് വിശ്വാസ്യതയും ആത്മാർഥതയുമാണുണ്ടാവുക? കാരണം ക്വുർആനും സുന്നത്തും അടക്കമുള്ള മതത്തിന്റെ എല്ലാം അവരിലൂടെ മാത്രമാണ് നമുക്ക് ലഭ്യമായിട്ടുള്ളത്.

ഇബ്നു ഹസം(റഹി) പറഞ്ഞതുപോലെ; ജൂത-ക്രൈസ്തവരോട് അവരുടെ സമുദായത്തിലെ ഏറ്റവും ഉത്തമരായ ആളുകൾ ആരാണെന്ന് ചോദിച്ചാൽ നിസ്സംശയം അവർ പറയും 'മൂസാ നബി(അ) യുടെയും ഈസാ നബി(അ)യുടെയും കൂടെ വസിക്കുകയും അവരെ പിന്തുണക്കുകയും ചെയ്ത അവരുടെ ശിഷ്യഗണങ്ങളായിരുന്നു' എന്ന്. എന്നാൽ ശിയാക്കൾ പറയുന്നത് ഈ സമുദായത്തിലെ ഏറ്റവും ദുഷ്ടന്മാരും ചതിയന്മാരും സ്വഹാബിമാരാണ് എന്നാണ്. എന്നിരിക്കെ മതത്തിന്റെ സംരക്ഷണം അല്ല നിഷ്കാസനമാണ് ഇക്കൂട്ടർ ലക്ഷ്യം വെച്ചതെന്ന് വിവേകമുള്ള ആർക്കും ബോധ്യമാകുന്നതാണ്.

ഇതാണ് യഥാർഥ ശീഇസത്തിന്റെ പിന്നിലെ രഹസ്യം എന്നിരിക്കെ മതത്തിന്റെ പ്രമാണങ്ങളിൽ അക്കൂട്ടർക്ക് വിശ്വാസമില്ലാതെ വരിക എന്നത് സ്വാഭാവികമാണല്ലോ. മതത്തിൽ സ്ഥിരപ്പെട്ട എത്രയോ സംഗതികൾ ഇക്കൂട്ടർ നിഷേധിക്കുകയും പകരം യാതൊരു അടിസ്ഥാനവുമില്ലാത്ത വാറോലകൾ മതമായി കൊണ്ടുനടക്കുകയും ചെയ്യുന്ന കാഴ്ച അവരെ പഠിക്കുന്നവർക്ക് കാണാനാകുന്നതാണ്. ശിയാക്കളെ വെള്ളപൂശുകയും അവരുടെ ആശയങ്ങൾ അറിഞ്ഞോ അറിയാതെയോ സമൂഹത്തിലേക്ക് ഇറക്കുമതി ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യുന്നവർ ഇതൊന്നും അറിയുന്നില്ലേ എന്ന് ആലോചിച്ചുപോവുകയാണ്. സത്യത്തിൽ ഇത് വല്ലാത്തൊരു പരീക്ഷണമാണ്! ■




# ഇറാനിൽ ശിയാക്കളുടെ വളർച്ച

ഡോ. ടി. കെ. യൂസുഫ്
: 9349798262

സച്ചരിതരായ ഖലീഫമാരുടെ ശ്രേഷ്ഠത വ്യക്തമാക്കുന്ന ധാരാളം നബിവചനങ്ങൾ നമുക്ക് കാണാൻ സാധിക്കും. അതുപോലെ പ്രമുഖരായ ചില സ്വഹാബിമാരുടെ മഹത്ത്വം പ്രവാചകൻ(സ്വ) പ്രത്യേകമായി എടുത്തുപറഞ്ഞതായും കാണാം. എന്നാൽ ശീഇകൾ ഖലീഫമാരെക്കുറിച്ചും പ്രസിദ്ധ സ്വഹാബിമാരെക്കുറിച്ചും പറയുന്ന കാര്യങ്ങൾ നബി(സ്വ) പറഞ്ഞതിനോട് തികച്ചും വിരുദ്ധമാണ്. ഉദാഹരണമായി, അബൂബക്റി(റ)ന്റെ മഹത്ത്വമായി നബി(സ്വ) പറഞ്ഞു: "സമ്പത്തുകൊണ്ടും സഹവർത്തിത്വം കൊണ്ടും എനിക്ക് ഏറ്റവും അനുഗ്രഹം ലഭിച്ചിട്ടുള്ളത് അബൂബക്റിനെക്കൊണ്ടാണ്" (ബുഖാരി, മുസ്‌ലിം).

ഉമറി(റ)നെക്കുറിച്ച് നബി(സ്വ) പറഞ്ഞു: "അല്ലാഹു സത്യത്തെ ഉമറിന്റെ നാവിലും ഹൃദയത്തിലും ആക്കിയിട്ടുണ്ട്" (തുർമുദി).

ഉസ്മാൻ(റ)വിനെക്കുറിച്ച് നബി(സ്വ) പറഞ്ഞു: "ഓരോ പ്രവാചകനും ഒരു കൂട്ടുകാരനുണ്ട്, സ്വർഗത്തിൽ എന്റെ കൂട്ടുകാരൻ ഉസ്മാനാണ്" (തുർമുദി).

നബി(സ്വ) പിതൃവ്യനായ അബ്ബാസി(റ)ന്റെയും സന്തതികളുടെയും പാപമോചനത്തിനായി പ്രത്യേകം പ്രാർഥിച്ചതായുള്ള റിപ്പോർട്ടുകൾ കാണാം. 'ജനങ്ങളിൽ താങ്കൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ആരാണ്' എന്ന് ചോദിച്ചപ്പോൾ ആഇശയാണെന്നാണ് നബി(സ്വ) പറഞ്ഞത്. 'പുരുഷന്മാരിൽ ആരാണ് കൂടുതൽ ഇഷ്ടപ്പെട്ടത്' എന്ന് ചോദിച്ചപ്പോൾ അവരുടെ പിതാവ് എന്നും പറഞ്ഞു. ഖാലിദ് ബിൻ വലീദി(റ)നെക്കുറിച്ച് നബി(സ്വ) പറഞ്ഞു: 'ഖാലിദ് അല്ലാഹുവിന്റെ വാളുകളിൽപെട്ട ഒരു വാളാണ്' (അഹ്മദ്).

മുആവിയ(റ)ക്ക് വേണ്ടി നബി(സ്വ) പ്രാർഥിച്ചു: 'അല്ലാഹുവേ, നീ ഇവനെ നേർമാർഗം നൽകപ്പെട്ടവനായി വഴിനടത്തേണമേ. അവന് സന്മാർഗം നൽകുകയും ചെയ്യേണമേ' (തുർമുദി). അബ്ദുല്ലാഹിബിൻ ഉമറി(റ)നെക്കുറിച്ച് പറഞ്ഞു: 'അബ്ദുല്ല നല്ല മനുഷ്യനാണ്' (ബുഖാരി, മുസ്‌ലിം).

എന്നാൽ ശീഇകൾ ഇവരെക്കുറിച്ച് നടത്തുന്ന പരാമർശങ്ങൾ മതത്തിന്റെയും മാനുഷികതയുടെയും അതിർവരമ്പുകൾ ലംഘിക്കുന്നതാണ്.

തങ്ങൾ മുസ്‌ലികളാണെന്നും നബി(സ്വ)യുടെ ഉത്തമ അനുയായികളാണെന്നും പറയുന്നവർക്ക് എങ്ങനെയാണ് പ്രവാചകൻ (സ്വ) പ്രശംസിച്ച ഖലീഫമാരെയും സ്വഹാബിമാരെയും വളരെ മോശമായി ചിത്രീകരിക്കാൻ സാധിക്കുന്നത്? ജൂത നിഗൂഢത ഇതിനു പിന്നിൽ വ്യക്തമാണ്.

കാരണം, ജൂതന്മാർക്ക് ഖലീഫമാരോടും ഇസ്‌ലാമിനു വേണ്ടി അടരാടിയ സഹാബിമാരോടും അടങ്ങാത്ത പകയുണ്ടായിരുന്നു. മുസ്‌ലിംകളോട് അടങ്ങാത്ത പക വെച്ചുപുലർത്തുന്ന യഹുദരെ ജസീറത്തുൽ അറബിൽ നിന്നും പുറത്താക്കുക എന്ന പ്രവാചകന്റെ വസിയ്യത്ത് നടപ്പിലാക്കാൻ ശ്രമിച്ചത് ഈ മഹാന്മാരായിരുന്നല്ലോ. അതുകൊണ്ട് തന്നെ മൂന്ന് ഖലീഫമാർ കഴിഞ്ഞാൽ ഇസ്‌ലാമിന് വേണ്ടി സാമ്പത്തികമായും ശാരീരികമായും ഏറെ ജിഹാദ് ചെയ്യുകയും കൂടുതൽ സേവനം ചെയ്യുകയും ചെയ്ത സ്വഹാബികളെയാണ് ശീഇകൾ ഏറെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത്.

## ഇറാനിൽ ശീഇകളുടെ വളർച്ച

രണ്ടാം ഖലീഫ ഉമർ(റ) ഇറാൻ ജയിച്ചടക്കിയതോടുകൂടി അവിടുത്തെ രാജവംശം തകരുകയും തിരിച്ചുപിടിക്കാൻ പറ്റാത്തവിധം ഭരണമേധാവിത്വം നഷ്ടപ്പെടുകയും ചെയ്തു. അതിനാൽ അവിടത്തെ നേതാക്കൾ ഉമർ(റ)വിനോടുള്ള വിദ്വേഷം മനസ്സിൽ സൂക്ഷിച്ചു. മുസ്‌ലിം സൈന്യം ഇറാൻ വിജയിച്ചടക്കിയതിനുശേഷം ബന്ധനസ്ഥനാക്കപ്പെട്ടവരിൽ അവിടത്തെ രാജാവായ യസ്ദജിർദിന്റെ മകളായ ശഹർബാനുവുമുണ്ടായിരുന്നു, ഇവരെ അലി(റ)യുടെ മകൻ ഹുസൈനാണ് വിഹാഹം ചെയ്തത്. പേർഷ്യക്കാരായ ജൂതന്മാർ ഈ അവസരം തങ്ങളുടെ നിഗൂഢ ലക്ഷ്യത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും മൂന്നാം ഖലീഫ ഉസ്മാൻ(റ)വിന് എതിരെയുള്ള നീക്കത്തിൽ അലി(റ)യെ ഒരു മറയായി സ്വീകരിക്കുകയും ചെയ്തു. നബി(സ്വ)ക്ക് ശേഷമുള്ള ഖിലാഫത്ത് അലിക്കും അദ്ദേഹത്തിന്റെ സന്താന പരമ്പരകൾക്കും അവകാശപ്പെട്ടതാണ് എന്ന് അവർ വാദിച്ചു. ഇറാൻ വിജയിച്ചടക്കിയതിന്റെ പേരിൽ ഖലീഫ ഉമറിനോടും അദ്ദേഹത്തിന്റെ സൈന്യത്തോടും പ്രസിദ്ധ സ്വഹാബികളോടുമുള്ള പകയായിരുന്നു ഇത്തരം ഒരു നീക്കത്തിന് കാരണമായത്. അവർക്ക് ശേഷം ഉസ്മാൻ(റ) ഈ വിജയത്തിന്റെ മേഖല വിശാലമക്കാൻ ശ്രമച്ചതോടുകൂടി അദ്ദേഹവും ഇവരുടെ ശത്രുവായിമാറി. ഉമർ(റ), ഉസ്മാൻ(റ) എന്നിവരോട് ശത്രുതയുള്ളതോടൊപ്പം സൈനുൽ ആബിദീൻ എന്ന പേരിലറിയപ്പെട്ടിരുന്ന, ഹുസൈൻ(റ) വിന്റെ മകൻ അലി(റ)യോട് അവർ പ്രത്യേക താത്പര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഷഹർബാനു അവരുടെ രാജാവിന്റെ മകളായതുകൊണ്ട് അദ്ദേഹത്തിൽ അവർ ദർശിച്ച രക്തബന്ധവും അടുപ്പവും ശത്രുക്കൾക്കെതിരിൽ അദ്ദേഹത്തെ മറയാക്കാൻ അവർക്ക് പ്രചോദനം നൽകി.

ഇസ്‌ലാം ആശ്ലേഷിച്ച പേർഷ്യക്കാരിൽ നല്ലൊരു പങ്കും ശീഇകളുടെ കൂടെയാണ് ചേർന്നത്. അതിന് കാരണം ഇറാനിൽ അവരുടെ ആധിപത്യം തകർക്കുകയും അഗ്നിയാരാധനുടെ തീ കെടുത്തുകയും ചെയ്ത ഖലീഫമാരെയും സഹാബികളെയും തെറിപറയാൻ ഇത് നല്ലൊരു അവസരമാണെന്ന വിചാരമായിരുന്നു. അതോടൊപ്പം ഇറാനിലെ അഗ്നിയാരാധകർ ജൂതരുമായി കൈകോർത്ത് ശീഇകളുടെ വളർച്ചക്ക് വെള്ളവും വളവും നൽകുകയും ഖലീഫമാരെയും സ്വഹാബികളെയും താറടിക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്തു. ഇറാനിലുള്ളവർക്ക് ഉമറി(റ)നോട് പക തോന്നാൻ കാരണം അദ്ദേഹം അലി(റ)യുടെയും ഫാതിമ(റ)യുടെയും വിലായത്ത് തട്ടിയെടുത്തു എന്ന ആരോപണമല്ല, മറിച്ച് ഇറാനിലെ സാസാൻ ഭരണത്തിന്റെ കഥ കഴിച്ചതാണ്. അവരുടെ രാജകുമാരിയെ ഹുസൈൻ(റ) വിവാഹം കഴിച്ചതുകൊണ്ട് രാജഭരണത്തിന്റെ പിന്തുടർച്ചയും ശേഷിപ്പും അവർ ഹുസൈനിന്റെ മക്കളായ ശീഇകളിൽ ദർശിക്കുകയും ചെയ്തു.

ഇങ്ങനെ ചരിത്രപരമായ കാരണങ്ങളാൽ ശീഇസത്തിന് വേരോട്ടം ലഭിച്ച ഇറാൻ ഇന്ന് അവർക്ക് അധികാരവും സ്വാധീനവുമുള്ള ഒരു രാജ്യമാണ്. മക്കയും മദീനയും കൂടി തങ്ങളുടെ വരുതിയിൽ വന്നെങ്കിൽ മാത്രമെ വിജയം പൂർത്തിയാകുകയുള്ളൂ എന്ന് പ്രഖ്യാപിക്കുകയും അത്തരം ഒരു വിജയത്തിന് പണിയെടുക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്ത ഇമാമുമാരുടെ സ്വപ്നം ഇതുവരെയും സഫലീകരിക്കപ്പെട്ടിട്ടില്ല. ശീഇകളുടെ പന്ത്രണ്ടാമത്തെ ഇമാമിന്റെ അവതാരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഖുമൈനിയുടെ, കഅ്ബയുടെ ആകൃതിയിലുള്ള മക്ബ്വറ കൊണ്ടും മറ്റനേകം ഇമാമുമാരുടെ ജാറങ്ങൾ കൊണ്ടും ശിർക്കൻ മുൾപടർപ്പുകൾക്ക് വളക്കൂറുള്ളതായി മാറിയിട്ടുള്ള ഇറാൻ പോലുള്ള ഒരു രാജ്യത്ത് മാത്രമെ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ള ശീഇസം പോലുള്ള ഒരു ഇസത്തിന് വളരാൻ സാധിക്കുകയുയുള്ളൂ.

*(തുടരും)*

## ക്വുർആനിലെ സാർവലൗകിക വിളികൾ 18

# മനുഷ്യന്റെ അതിക്രമങ്ങളും ഭൗതിക സുഖങ്ങളുടെ നശ്വരതയും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,
മസ്കത്ത്
: 00968-98242217



കഷ്ടപ്പാടുകൾ വരുമ്പോൾ ദൈവത്തെ വിളിക്കുകയും അത് മാറിക്കഴിയുമ്പോൾ പഴയപടി അധർമങ്ങളിലേക്ക് മടങ്ങുകയും ചെയ്യുക എന്നത് മനുഷ്യന്റെ ഒരു പൊതുസ്വഭാവമാണ്. അല്ലാഹു തനിക്ക് നൽകിയ താൽക്കാലിക സുരക്ഷിതത്വം മറന്ന് ഭൂമിയിൽ അക്രമവും അഹങ്കാരവും കാണിക്കുന്നവർക്കുള്ള ശക്തമായ താക്കീതാണ് 10:23 സൂക്തം. മനുഷ്യന്റെ ഈ സ്വാർഥതയെയും അക്രമത്തിന്റെ അന്തിമഫലം സ്വന്തം നാശം മാത്രമായിരിക്കുമെന്ന യാഥാർഥ്യത്തെയും അല്ലാഹു ക്വുർആനിലൂടെ വരച്ചുകാട്ടുന്നു. (വിഷയം കൃത്യമായി മനസ്സിലാക്കുവാൻ വേണ്ടി 22ാമത്തെ സൂക്തം കൂടി കൊടുക്കുന്നു).

هُوَ الَّذِى يُسَيِّرُكُمْ فِى الْبَرِّ وَالْبَحْرِ ۖ حَتَّىٰٓ إِذَا كُنتُمْ فِى الْفُلْكِ وَجَرَيْنَ بِهِم
بِرِيحٍ طَيِّبَةٍ وَفَرِحُوا بِهَا جَاءَتْهَا رِيحٌ عَاصِفٌ وَجَاءَهُمُ الْمَوْجُ مِن كُلِّ
مَكَانٍ وَظَنُّوا أَنَّهُمْ أُحِيطَ بِهِمْ ۙ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ لَئِنْ أَنجَيْتَنَا
﴿٢٢﴾ فَلَمَّا أَنجَاهُمْ إِذَا هُمْ يَبْغُونَ فِى مِنْ هَٰذِهِ لَنَكُونَنَّ مِنَ الشَّاكِرِينَ
الْأَرْضِ بِغَيْرِ الْحَقِّ ۗ يَا أَيُّهَا النَّاسُ إِنَّمَا بَغْيُكُمْ عَلَىٰٓ أَنفُسِكُم ۖ مَّتَاعَ
﴿٢٣﴾ الْحَيَاةِ الدُّنْيَا ۖ ثُمَّ إِلَيْنَا مَرْجِعُكُمْ فَنُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ

"അവനാകുന്നു കരയിലും കടലിലും നിങ്ങൾക്ക് സഞ്ചാര സൗകര്യം നൽകുന്നത്. അങ്ങനെ നിങ്ങൾ കപ്പലുകളിലായിരിക്കുകയും, നല്ല ഒരു കാറ്റ് നിമിത്തം യാത്രക്കാരെയും കൊണ്ട് അവ സഞ്ചരിക്കുകയും, അവരതിൽ സന്തുഷ്ടരായിരിക്കുകയും ചെയ്തപ്പോഴതാ ഒരു കൊടുങ്കാറ്റ് അവർക്ക് വന്നെത്തി. എല്ലായിടത്തുനിന്നും തിരമാലകൾ അവരുടെ നേർക്ക് വന്നു. തങ്ങൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് അവർ വിചാരിച്ചു. അപ്പോൾ കീഴ്‌വണക്കം അല്ലാഹുവിന്ന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോടവർ പ്രാർഥിച്ചു: 'ഞങ്ങളെ നീ ഇതിൽനിന്ന് രക്ഷപ്പെടുത്തുന്ന പക്ഷം തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും.' അങ്ങനെ അല്ലാഹു അവരെ രക്ഷപ്പെടുത്തിയപ്പോൾ അവരതാ ന്യായമില്ലാതെ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുന്നു. ഹേ; മനുഷ്യരേ, നിങ്ങൾ ചെയ്യുന്ന അതിക്രമം നിങ്ങൾക്കെതിരിൽ തന്നെയായിരിക്കും (ഭവിക്കുക). ഇഹലോക ജീവിതത്തിലെ സുഖാനുഭവം മാത്രമാണ് (അതുവഴി നിങ്ങൾക്ക് കിട്ടുന്നത്). പിന്നെ നമ്മുടെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി നിങ്ങളെ നാം വിവരമറിയിക്കുന്നതാണ്."

ആപൽഘട്ടങ്ങളിൽ സ്രഷ്ടാവിലേക്ക് താഴ്മയോടെ മടങ്ങുകയും ആപത്ത് ഒഴിഞ്ഞാലുടൻ അഹങ്കാര ത്തോടെ ഭൂമിയിൽ അതിക്രമം കാണിക്കുകയും ചെയ്യുന്ന മനുഷ്യന്റെ ഇരട്ടത്താപ്പിനെ ക്വുർആൻ ഇവിടെ കൃത്യമായി തുറന്നുകാട്ടുന്നു.

**സുരക്ഷിതത്വവും പെട്ടെന്നുണ്ടാകുന്ന ഭയവും**

കപ്പലിൽ സുരക്ഷിതമായി സഞ്ചരിക്കുമ്പോൾ മനുഷ്യൻ സന്തോഷവാനാണ്. എന്നാൽ എല്ലാ ഭാഗത്തു നിന്നും കൊടുങ്കാറ്റും തിരമാലകളും വന്ന് തങ്ങൾ അപകടത്തിലായെന്ന് ഉറപ്പാകുമ്പോൾ അവനിലെ അഹങ്കാരമെല്ലാം അലിഞ്ഞുപോകുന്നു. ആ ഘട്ടത്തിൽ, താൻ ഉണ്ടാക്കിവെച്ച വ്യാജദൈവങ്ങളെയോ സ്വന്തം ശക്തിയെയോ അല്ല, മറിച്ച് പ്രപഞ്ചനാഥനായ അല്ലാഹുവിനെ മാത്രമാണ് അവൻ സഹായത്തിനായി വിളിക്കുന്നത്.

മനുഷ്യൻ എത്ര ശാസ്ത്ര-സാങ്കേതിക മുന്നേറ്റം നടത്തിയാലും പ്രകൃതിയുടെ ഒരു ചെറിയ ദുരന്തത്തിന് മുന്നിൽ തികച്ചും നിസ്സഹായനാണ്. സർവ നിയന്ത്രണവും അല്ലാഹുവിന്റെ കൈകളിലാണെന്ന തിരിച്ചറിവ് അപകടവേളയിൽ മനുഷ്യനുണ്ടാകുന്നു. എന്നാൽ, അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിനോട് നൽകുന്ന സത്യപ്രതിജ്ഞകൾ പരീക്ഷണം കഴിയുമ്പോൾ മനുഷ്യൻ മറന്നുപോകുന്നു എന്നതാണ് അവന്റെ ഏറ്റവും വലിയ ദുരന്തം.

**രക്ഷപ്പെടുമ്പോൾ കാണിക്കുന്ന നന്ദികേടും അതിക്രമവും**

കാരുണ്യവാനായ അല്ലാഹു അവരെ അപകടത്തിൽ നിന്ന് കരയ്ക്കെത്തിച്ച് രക്ഷപ്പെടുത്തുമ്പോൾ, മനുഷ്യൻ വീണ്ടും അഹങ്കാരിയായി മാറുന്നു. താൻ സ്രഷ്ടാവിന് നൽകിയ വാഗ്ദാനങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് ഭൂമിയിൽ അന്യായമായും അതിക്രമത്തോടെയും അവൻ ജീവിക്കാൻ തുടങ്ങുന്നു.

കഷ്ടപ്പാടുകളിൽനിന്ന് കരകയറിയാൽ അല്ലാഹുവിനോട് നന്ദിയുള്ളവനായി ജീവിക്കേണ്ടതിന് പകരം, വീണ്ടും പാപങ്ങളിലേക്കും അതിക്രമങ്ങളിലേക്കും മടങ്ങുന്നത് മനുഷ്യന്റെ വലിയൊരു നന്ദികേടാണ്. സുഖസൗകര്യങ്ങൾ ലഭിക്കുമ്പോൾ അല്ലാഹുവിനെ മറക്കുകയും സ്വന്തം കഴിവ് കൊണ്ടുമാത്രമാണ് താൻ രക്ഷപ്പെട്ടതെന്ന് അഹങ്കരിക്കുകയും ചെയ്യുന്നത് മനുഷ്യന്റെ ബലഹീനതയാണ്.

അമാനി മൗലവിയുടെ തഫ്സീറിൽ ഇങ്ങനെ കാണാം:

“സഅ്ദുബ്നു അബീവക്കാസ്(റ) പ്രസ്താവിച്ചതായി, അബൂദാവൂദ്, നസാഈ മുതലായവർ ഉദ്ധരിച്ച ഒരു സംഭവത്തിന്റെ ചുരുക്കം ഇങ്ങനെയാണ്: മക്കാവിജയം ഉണ്ടായപ്പോൾ, നബി(സ്വ)യിൽനിന്ന് രക്ഷപ്പെടുവാൻ വേണ്ടി ഇക്‌രിമത്തുബ്നു അബീജഹൽ സ്ഥലം വിട്ടോടിപ്പോയി. അദ്ദേഹം കപ്പൽ കയറി യാത്രയായി. ഒരു കൊടുങ്കാറ്റു ബാധിച്ചു. കപ്പലിലുള്ള ഉദ്യോഗസ്ഥൻമാർ കപ്പൽ യാത്രക്കാരോട് പറഞ്ഞു: ‘നിങ്ങൾ നിഷ്കളങ്കമായി പ്രാർഥന ചെയ്യുവിൻ. ഇപ്പോൾ നിങ്ങളുടെ ദൈവങ്ങളൊന്നും ഉപകരിക്കുന്നതല്ല.’ അപ്പോൾ, ഇക്‌രിമ(റ) പറഞ്ഞു: ‘നിഷ്കളങ്കതയല്ലാതെ (അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർഥിക്കലല്ലാതെ) സമുദ്രത്തിൽ വെച്ച് എന്നെ രക്ഷപ്പെടുത്തുകയില്ലെങ്കിൽ, കരയിൽവെച്ചും അതല്ലാതെ എന്നെ രക്ഷപ്പെടുത്തുന്നതല്ല. അല്ലാഹുവേ! നിന്നോട് ഞാൻ കരാർ ചെയ്യുന്നു: എന്നെ നീ ഇതിൽ നിന്ന് രക്ഷപ്പെടുത്തിയാൽ ഞാൻ മുഹമ്മദിന്റെ അടുക്കൽ ചെന്നു എന്റെ കൈ അദ്ദേഹത്തിന്റെ കൈയിൽ വെക്കുന്നതാകുന്നു (ഞാൻ മുസ്‌ലിമായി പ്രതിജ്ഞ നൽകാം). അദ്ദേഹത്തെ മാപ്പ് നൽകുന്നവനും മാന്യനുമായിട്ടാണ് ഞാൻ കാണുന്നത്.’ അനന്തരം അദ്ദേഹം മടങ്ങിവന്ന് മുസ്‌ലിമായി.

വിഗ്രഹാരാധകരായ ആ മുശ്‌രിക്കുകൾപോലും അത്യാപത്ത് വരുമ്പോൾ രക്ഷക്കുവേണ്ടി പ്രാർഥിക്കുന്നത് അല്ലാഹുവിനോടായിരിക്കുമെന്നും ആ സമയത്ത് മറ്റാരെയും വിളിച്ചു പ്രാർഥിക്കുകയില്ലെന്നുമാണല്ലോ അല്ലാഹു ഈ വചനത്തിൽ പ്രസ്താവിച്ചത്. എന്നാൽ, മരണപ്പെട്ടവരോ ജീവിച്ചിരിക്കുന്നവരോ ആയ ചില മഹാത്മാക്കളെ വിളിച്ചു പ്രാർഥിക്കുന്നതിന് പ്രാർഥന (دُعَاء) എന്നല്ലാതെ വേറൊരു പേർ പറഞ്ഞുകൊണ്ട്-ഇസ്‌ലാമിന്റെ അംഗീകാരമുണ്ടെന്ന് കരുതിവശായ ചില മുസ്‌ലിംകളുടെ സ്ഥിതി, ആ മുശ്‌രിക്കുകളെക്കാൾ വളരെ ശോചനീയമാണെന്ന് അത്യധികം വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. കാരണം, സാധാരണഗതിയിൽ ഇവർ പ്രാർഥനകൾ ചെയ്യാറുള്ളത് അല്ലാഹുവിനോടായിരിക്കുമെങ്കിലും ആപത്തുകൾ നേരിടുമ്പോൾ, അല്ലാഹുവിനെ വിട്ടേച്ച് ആ മഹാത്മാക്കളെയായിരിക്കും ഇവർ വിളിച്ചു പ്രാർഥിക്കുക.”

**അതിക്രമം സ്വന്തത്തോടുതന്നെ**

‘നിങ്ങൾ ചെയ്യുന്ന അതിക്രമം നിങ്ങൾക്കെതിരിൽ തന്നെയായിരിക്കും’ എന്ന പ്രഖ്യാപനം ഒരു വലിയ പ്രപഞ്ചസത്യമാണ്. ഒരാൾ ഭൂമിയിൽ അക്രമം കാണിക്കുമ്പോൾ, അവൻ അല്ലാഹുവിന്റെ നിയമങ്ങളെ ലംഘിക്കുകയും സ്വന്തത്തെ പരലോകത്തെ കഠിനശിക്ഷയ്ക്ക് ഇരയാക്കുകയുമാണ് ചെയ്യുന്നത്.

നാം ചെയ്യുന്ന ഏതൊരു തിന്മയും അന്തിമമായി ബാധിക്കുന്നത്

നമ്മെത്തന്നെയാണ്. താൽക്കാലികമായി മറ്റുള്ളവരെ തോൽപിച്ചെന്നോ അടിച്ചമർത്തിയെന്നോ തോന്നാമെങ്കിലും, ആ അക്രമത്തിന്റെ കറുത്ത പാടുകൾ സ്വന്തം ജീവിതത്തെയും ആത്മാവിനെയും തന്നെയാണ് നശിപ്പിക്കുന്നത്. പ്രകൃതിയുടെ തേട്ടവും അല്ലാഹുവിന്റെ നിയമവും അനുസരിച്ച് അക്രമത്തിന്റെ പ്രതിഫലം മനുഷ്യൻതന്നെ അനുഭവിച്ചു തീർക്കേണ്ടിവരും.

**നശ്വരമായ ഐഹിക സുഖങ്ങളും അനിവാര്യമായ മടക്കവും**

അക്രമത്തിലൂടെയും അനീതിയിലൂടെയും മനുഷ്യൻ നേടിയെടുക്കുന്ന സുഖസൗകര്യങ്ങളെ അല്ലാഹു വിശേഷിപ്പിച്ചത് 'മതാഉൽ ഹയാതിദ്ദുൻയാ' (ഐഹിക ജീവിതത്തിലെ താൽക്കാലിക വിഭവം) എന്നാണ്. പിന്നീട് അല്ലാഹുവിലേക്ക് അനിവാര്യമായ ഒരു മടങ്ങിവരവുണ്ട്. മരണമെന്ന യാഥാർഥ്യം മുന്നിലെത്തുമ്പോൾ ഈ ഭൗതിക സുഖഭോഗങ്ങളെല്ലാം ഇവിടെ ഉപേക്ഷിക്കേണ്ടിവരും. ശാശ്വതമല്ലാത്ത ഹ്രസ്വജീവിതത്തിലെ നൈമിഷിക നേട്ടങ്ങൾക്കു വേണ്ടി സ്വന്തം പരലോകം നശിപ്പിക്കുന്നത് എത്രമാത്രം വലിയ വിഡ്ഢിത്തമാണ്! വിചാരണനാളിൽ നാം ചെയ്ത ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും അല്ലാഹു നമുക്ക് മുന്നിൽ പ്രദർശിപ്പിക്കുമ്പോൾ, അന്ന് അക്രമികൾക്ക് മറുപടിയില്ലാതെ തലതാഴ്ത്തേണ്ടിവരും. ആ വിചാരണവേളയെക്കുറിച്ച് ബോധവാനാകുന്ന ഒരു മനുഷ്യനും ഭൂമിയിൽ അഹങ്കരിക്കാനോ അതിക്രമം കാണിക്കാനോ മുതിരുകയില്ല.

'പിന്നീട് നമ്മുടെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം' എന്ന ഓർമപ്പെടുത്തൽ ഏതൊരു അക്രമിയുടെയും നെഞ്ചിടിപ്പ് കൂട്ടുന്നതാണ്. ഈ ഭൂമിയിലെ നിയമങ്ങളിൽനിന്നോ ഭരണാധികാരികളിൽനിന്നോ മനുഷ്യന് രക്ഷപ്പെടാൻ കഴിഞ്ഞേക്കാം, എന്നാൽ പ്രപഞ്ചനാഥന്റെ കോടതിയിൽനിന്ന് ആർക്കും ഒളിച്ചോടാൻ കഴിയില്ല.

*(തുടരും)*



# വേദനയുടെ കണ്ണാടി

## അമീർ എടത്തനാട്ടുകര

അവനവന്റെ ചില്ലിട്ട വീടിൻ സുഖത്തിൽ
മറ്റുള്ളോർ പെയ്യുന്ന മഴയറിയാറില്ല നാം.
വെറും വാക്കുകളാലെ ആശ്വസിപ്പിക്കും നേരം
വേദന തൻ ആഴമളക്കാൻ കഴിയാറില്ല നമുക്ക്.
ഒന്നു മാറി നിൽക്കൂ, ആ പാദരക്ഷയിൽ
അവർ താണ്ടിയ ദൂരങ്ങൾ നടന്നു കാണൂ.
അവർ നനഞ്ഞതാം കണ്ണീർ തുള്ളികളിൽ
സ്വയം ഒന്നു തൊട്ടുനോക്കി അനുഭവിക്കൂ.
നമ്മൾ കണ്ട കാഴ്ചകളല്ല അവർ കണ്ടത്,
നമ്മൾ കേട്ട വാക്കുകളല്ല അവർ കേട്ടത്.
ചരിവുണ്ടെൻ വഴിക്കെന്ന് ഓർക്കുമ്പോൾ മാത്രം
മറ്റുള്ളോർ വീണതാം കുഴികൾ തിരിച്ചറിയാം.
മനസ്സിൽ കരുണതൻ വിത്തുകൾ പാകി,
അപരന്റെ നോവൊന്നറിയാൻ തുനിയുമ്പോൾ,
ഭൂമിയിൽ സ്നേഹത്തിൻ മധുരം നിറയുന്നു,
മനുഷ്യൻ മനുഷ്യനാകുന്നതവിടെയാണ്!



# ജമാഅത്തെ ഇസ്‌ലാമി; ‘പ്രത്യാശ’യുടെ വഴിയിൽ!

മൂസ സ്വലാഹി കാര
: 97473 45768

ഇസ്‌ലാമിന്റെ തനതായ ആദർശത്തിൽ വെള്ളം ചേർക്കുകയും നൂറ്റാണ്ടുകളോളം ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളും യഥാർഥ ഇസ്‌ലാം എന്തെന്നറിയാതെ ജീവിച്ചുവെന്നും പിന്നീട് മൗദൂദിയാണ് യഥാർഥ ഇസ്‌ലാമിലേക്ക് വഴികാണിച്ചതെന്നും വിശ്വസിക്കുന്ന വിഭാഗമാണ് ജമാഅത്തെ ഇസ്‌ലാമി. മൗദൂദിയൻ ആശയങ്ങൾ തങ്ങളെ എത്തിച്ച കുഴിയിൽനിന്ന് കരകയറാനുള്ള തീവ്രശ്രമമാണ് ഇപ്പോൾ ജമാഅത്തുകാർ നടത്തിക്കൊണ്ടിരിക്കുന്നത്. 2026 മെയ് 15ന്റെ പ്രബോധനത്തിൽ വന്ന ‘പ്രത്യാശയാണ് ജമാഅത്തെ ഇസ്‌ലാമി’ എന്ന ലേഖനം ഈ വസ്തുത തുറന്ന് കാണിക്കുന്നുണ്ട്. ലേഖനത്തിലെ ചില വരികൾ വായിക്കാം:

“ജമാഅത്തെ ഇസ്‌ലാമി പ്രതിനിധാനം ചെയ്യുന്ന ആദർശം ഇസ്‌ലാമാണ്. അത് വായുപോലെ, വെള്ളംപോലെ എല്ലാവരുടെതുമാണ്. ഒരു ജാതിയുടെയോ സമുദായത്തിന്റെയോ മാത്രമല്ല. വായുവും വെള്ളവും നാം മനുഷ്യരാരെങ്കിലും ഉണ്ടാക്കിയതല്ലല്ലോ.

**ഓരോരുത്തരുടെയും ഇഷ്ടത്തിനും ഒറ്റപ്പെട്ട അഭിപ്രായങ്ങളെ പിന്തുണച്ചും പൊന്തിവന്ന കക്ഷികളുടെ തെറ്റുകളെ ഗുണകാംക്ഷയോടെ ചൂണ്ടിക്കാണിക്കുന്നത് 'വിഭാഗീയത'യുണ്ടാക്കലാണെങ്കിൽ എങ്ങനെയാണ് പ്രബോധന പ്രവർത്തനങ്ങൾ നടക്കുക? ശിർക്ക് എന്തെന്നും അതിന്റെ അപകടമെന്തെന്നും പറയാതെ എങ്ങനെ തൗഹീദ് പറയും? കർമപരമായ കാര്യങ്ങളിൽ ജമാഅത്തിന്റെ നിലപാടെന്താണ്; നിലപാടില്ലായ്മയല്ലാതെ! സ്ഥിരപ്പെട്ട സുന്നത്തിനെതിരായി ചെയ്യുന്നതും നൂതനാചാരങ്ങൾ മതത്തിൽ കടത്തിക്കൂട്ടുന്നതും കാണുമ്പോൾ ശാഖാപരമെന്നു പറഞ്ഞ് കണ്ണടക്കലാണോ ഇസ്‌ലാമിന്റെ 'സമഗ്രത' ഉൾക്കൊള്ളുന്നതിന്റെ ലക്ഷണം?**

അത് ദൈവത്തിന്റെ വരദാനമാണ്. അതുകൊണ്ടാണ് അത് എല്ലാവരുടെതുമാകുന്നത്" (പ്രബോധനം, 2026 മെയ് 15, പേജ് 17).

'ഇബാദത്ത്' എന്ന പദത്തിന് 'ആരാധന' എന്ന് മാത്രമല്ല 'അനുസരണം,' 'അടിമത്തം' എന്നിവകൂടി നൽകണം. അപ്പോഴേ അതിന്റെ ശരിയായ വിവക്ഷയാകൂ എന്നതാണ് മൗദൂദിയൻ വീക്ഷണം. ഇസ്‌ലാമിൽ അടിസ്ഥാന പ്രാധാന്യമുള്ള 'ഇലാഹ്,' 'റബ്ബ്,' 'ദീൻ' എന്നീ പദങ്ങളുടെ അർഥവും ലക്ഷ്യവും ഇതിനുവേണ്ടി അദ്ദേഹം മാറ്റിമറിച്ചു. 'ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ' എന്ന പേരിൽ പുസ്തകമെഴുതി. ജമാഅത്തുകാർ ആ പുസ്തകം പ്രചരിപ്പിച്ചുകൊണ്ടേയിരിക്കുന്നവരാണ്. ആ പുസ്തകത്തിൽ മൗദൂദി, 'ഇബാദത്തിന്റെ അർഥം പൂജ, ആരാധന എന്നിങ്ങനെ ആക്കിത്തീർത്തു' എന്ന് പരിഭവം പറയുന്നുണ്ട്.

വെള്ളത്തോടും വായുവിനോടും ഉപമിച്ചത് ഇസ്‌ലാമിനെയാണെങ്കിൽ അത് ശരിയാണ്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയെയാണ് ഉപമിച്ചതെങ്കിൽ അത് അംഗീകരിക്കുവാൻ ഇസ്‌ലാമിനെ പ്രമാണങ്ങളിൽനിന്ന് മനസ്സിലാക്കിയവർക്ക് സാധ്യമല്ല. കാരണം നബി(സ്വ) സ്വഹാബത്തിലൂടെ പകർന്ന വിശ്വാസം അതേപടി പിന്തുടരുന്നവരാണ് ജമാഅത്തെ ഇസ്‌ലാമിയെന്നത് അവരുടെ നിലപാടുകൾ വ്യക്തമാക്കുന്നില്ല.

ലേഖകൻ തുടരുന്നു: "ഇസ്‌ലാമിനെ കേവലം ആചാര മതമായിട്ടല്ല ജമാഅത്തെ ഇസ്‌ലാമി കാണുന്നത്. ജമാഅത്തെ ഇസ്‌ലാമിയുടെ ഇസ്‌ലാം അവതരണത്തിന്റെ ഒരു പ്രത്യേകത, ജീവിതത്തെ സമഗ്രമായി ചൂഴ്ന്ന് നിൽക്കുന്ന ഒരു ജീവിത വ്യവസ്ഥ അല്ലെങ്കിൽ ലോകവീക്ഷണം എന്ന നിലയിൽ ഇസ്‌ലാമിനെ അവതരിപ്പിക്കുന്നു എന്നതാണ്" (പേജ് 21).

ഇസ്‌ലാമിനെ കേവലം ആചാര മതമായിട്ട് മുജാഹിദുകളും കാണുന്നില്ല. ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസം, സ്വഭാവം, ആരാധനകൾ, ആചാരങ്ങൾ... എല്ലാം മതത്തിന്റെ കാര്യങ്ങൾ തന്നെയാണ്. ജീവിതത്തെ ആകമാനം സ്പർശിക്കുന്ന, മതത്തിന്റെ ജീവനാണ് തൗഹീദ്. ആ തൗഹീദിൽ ഉറച്ച നിലപാടില്ലാത്ത, കർമപരമായ കാര്യങ്ങളിൽ നിലപാടില്ലാത്ത കൂട്ടർക്ക് എങ്ങനെയാണ് തങ്ങൾ ഇസ്‌ലാമിനെ സമഗ്രമായി ഉൾക്കൊള്ളുന്നവരാണ് എന്ന് അവകാശപ്പെടാനാവുക?

സത്യമാർഗത്തിൽ ഉറച്ചുനിന്നവർക്ക് അല്ലാഹു നൽകിയ സന്തോഷവാർത്ത ഇവർ ഓർത്തുകൊള്ളട്ടെ. അല്ലാഹു പറയുന്നു: "അല്ലാഹു പറയും: ഇത് സത്യവാൻമാർക്ക് തങ്ങളുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസമാകുന്നു. അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്. അവരതിൽ നിത്യവാസികളായിരിക്കും. അവരെപ്പറ്റി അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അതത്രെ മഹത്തായ വിജയം" (5:119).

### പ്രമാണബദ്ധ നിലപാട് വിഭാഗീയതയോ?

"സാമ്പ്രദായികാർഥത്തിൽ ഒരു മത സംഘടനയല്ല ജമാഅത്തെ ഇസ്‌ലാമി. ശാഖാപരമായ

അഭിപ്രായ വ്യത്യാസങ്ങളുടെ പേരിലുള്ള വിഭാഗീയതയാണല്ലോ മതസംഘടനകളുടെ മുഖമുദ്ര. മുസ്‌ലിം സംഘങ്ങളിൽ ആരെയും മതത്തിൽനിന്ന് പുറത്താക്കാനോ ബഹിഷ്കരിക്കാനോ ജമാഅത്തില്ല. വിശ്വാസികളെന്ന നിലയിൽ എല്ലാവരും ചേർന്നുനിന്ന് മനുഷ്യർക്ക് ഇസ്‌ലാമിക സന്ദേശം പ്രബോധനം ചെയ്യണമെന്നാണ് ജമാഅത്തെ ഇസ്‌ലാമി ആഗ്രഹിക്കുന്നത്" (പേജ് 18).

ഖബ്റാരാധനയെ എതിർക്കുന്നതിനെ പോലും ശാഖാപരമായ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ വിഭാഗീയതയുണ്ടാക്കുന്ന പ്രവർത്തനമായി മുദ്രകുത്തവർക്ക് എങ്ങനെയാണ് നടുനിവർത്തി തൗഹീദ് പ്രബോധനം ചെയ്യാൻ കഴിയുക?

**ഖബ്റാരാധനയെ എതിർക്കുന്നതിനെ പോലും ശാഖാപരമായ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ വിഭാഗീയതയുണ്ടാക്കുന്ന പ്രവർത്തനമായി മുദ്രകുത്തവർക്ക് എങ്ങനെയാണ് നടുനിവർത്തി തൗഹീദ് പ്രബോധനം ചെയ്യാൻ കഴിയുക?**

തൗഹീദിനെ മുൻഗാമികൾക്ക് പരിചയമില്ലാത്ത, തന്റേതായ വീക്ഷണത്തിൽ അവതരിപ്പിച്ച വ്യക്തിയാണ് മൗദൂദി സാഹിബ്. വഹ്‌യിലൂടെ സ്ഥിരപ്പെട്ട പലതിനെയും അദ്ദേഹം പുച്ഛിച്ചുതള്ളിയിട്ടുണ്ട്. ശീഇസത്തിന്റെയും ഇഖ്‌വാനിസത്തിന്റെയും ആശയം കടമെടുത്തിട്ടുണ്ട്. സമൂഹത്തിൽ അരങ്ങേറുന്ന ശിർക്കൻ പ്രവണതകളെയും അനാചാരങ്ങളെയും വെറും ശാഖാപരമായ അഭിപ്രായ വ്യത്യാസങ്ങളായി അവഗണിക്കുവാൻ മൗദൂദിയുടെ ആദർശം സ്വീകരിക്കുന്നവർക്കേ കഴിയൂ.

ഓരോരുത്തരുടെയും ഇഷ്ടത്തിനും ഒറ്റപ്പെട്ട അഭിപ്രായങ്ങളെ പിന്തുണച്ചും പൊന്തിവന്ന കക്ഷികളുടെ തെറ്റുകളെ ഗുണകാംക്ഷയോടെ ചൂണ്ടിക്കാണിക്കുന്നത് 'വിഭാഗീയത'യുണ്ടാക്കലാണെങ്കിൽ എങ്ങനെയാണ് പ്രബോധന പ്രവർത്തനങ്ങൾ നടക്കുക? ശിർക്ക് എന്തെന്നും അതിന്റെ അപകടമെന്തെന്നും പറയാതെ എങ്ങനെ തൗഹീദ് പറയും? കർമപരമായ കാര്യങ്ങളിൽ ജമാഅത്തിന്റെ നിലപാടെന്താണ്; നിലപാടില്ലായ്മയല്ലാതെ! സ്ഥിരപ്പെട്ട സുന്നത്തിനെ തിരായി ചെയ്യുന്നതും നൂതനാചാരങ്ങൾ മതത്തിൽ കടത്തിക്കൂട്ടുന്നതും കാണുമ്പോൾ ശാഖാപരമെന്നു പറഞ്ഞ് കണ്ണടക്കലാണോ ഇസ്‌ലാമിന്റെ 'സമഗ്രത' ഉൾക്കൊള്ളുന്നതിന്റെ ലക്ഷണം?

**പ്രത്യാശവാദം നിരാശാജനകം തന്നെ!**

"ജമാഅത്തെ ഇസ്‌ലാമിയെ മാറ്റിനിർത്തിയാൽ മതരംഗത്ത് മൂന്നുതരം സംഘടനകളാണ് പൊതുവെ മുസ്‌ലിം സമൂഹത്തിൽ കാണപ്പെടുന്നത്. അതിലൊന്ന് ആചാര സംരക്ഷണം മുഖ്യ ലക്ഷ്യമായ സംഘടനകളാണ്. പാരമ്പര്യ സംരക്ഷണം എന്നും അവർ അതിനെ പറയാറുണ്ട്. എല്ലാ മതങ്ങളെയും പോലെ കേവലം ആചാരബദ്ധമാണ് ഇസ്‌ലാം എന്ന ധാരണയാണ് ഇത്തരം ലക്ഷ്യങ്ങളുള്ള സംഘടനകൾ പൊതുബോധത്തിൽ ഉറപ്പിക്കുന്നത്. അവർ ലക്ഷ്യമായി കാണുന്ന ആചാരം അല്ലെങ്കിൽ പാരമ്പര്യം ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസവുമായോ അനുഷ്ഠാനങ്ങളുമായോ ബന്ധപ്പെട്ടതല്ല; മറിച്ച്, തെറ്റാകട്ടെ ശരിയാകട്ടെ കാലക്രമത്തിൽ സമുദായത്തിലെ ഭൂരിപക്ഷത്തിന്റെയും ആചാരമായി മാറിയതാണ്.

പരിഷ്കരണ വാദികൾ എന്നറിയപ്പെടുന്ന ഒരു വിഭാഗം പ്രസ്തുത ആചാരങ്ങൾ ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസത്തിന് കളങ്കം ചാർത്തുമെന്നും അതിനാൽ അവ അന്ധവിശ്വാസമാണെന്നും ആരോപിച്ച് രംഗത്ത് വന്നപ്പോഴാണ് ആചാര സംരക്ഷണത്തിന് ഇത്തരം സംഘടനകൾ പിറവിയെടുത്തത്" (പേജ് 20).

കുമിഞ്ഞ് കൂടിക്കിടക്കുന്ന അന്ധവിശ്വാസങ്ങൾ പാരമ്പര്യമായി ഉള്ളതാണെന്ന് തർക്കിച്ച് നടക്കുന്ന പൗരോഹിത്യത്തിനെതിരെ പ്രമാണ പ്രതിരോധം തീർക്കാൻ ജമാഅത്തെ ഇസ്‌ലാമി രംഗത്ത് വരാത്തതിന്റെ ചുരുളഴിയുകയാണിവിടെ. നിർമിത ആചാരങ്ങളോട് ഇത്രത്തോളം അലിവും മമതയുമുള്ള ഇവർക്ക് എങ്ങനെയാണ് യഥാർഥ പ്രത്യാശ പകരാൻ കഴിയുക?

അന്ധവിശ്വാസങ്ങൾ യഥാർഥ വിശ്വാസത്തെ കളങ്കപ്പെടുത്തുമെന്ന് പോലും തിരിച്ചറിയാൻ എഴുപത്തിയഞ്ച് വർഷം തികച്ചിട്ടും ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് സാധിച്ചില്ല എന്നത് അവർ അകപ്പെട്ട

**അന്ധവിശ്വാസങ്ങൾ യഥാർഥ വിശ്വാസത്തെ കളങ്കപ്പെടുത്തുമെന്ന് പോലും തിരിച്ചറിയാൻ എഴുപത്തിയഞ്ച് വർഷം തികച്ചിട്ടും ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് സാധിച്ചില്ല എന്നത് അവർ അകപ്പെട്ട ഇരുട്ടിന്റെ ആഴമാണ് അറിയിക്കുന്നത്. 'ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസവുമായോ അനുഷ്ഠാനങ്ങളുമായോ ബന്ധപ്പെട്ടതല്ല' എന്ന് ലേഖകൻ തന്നെ പറയുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെന്നും അനാചാരങ്ങളെന്നും 'പരിഷ്കരണവാദികൾ' വിശേഷിപ്പിക്കുന്നത് ആരോപണം മാത്രമാണെന്ന വരികളിലെ വൈരുധ്യം ലേഖകന് തിരിഞ്ഞിട്ടില്ല!**

ഇരുട്ടിന്റെ ആഴമാണ് അറിയിക്കുന്നത്. 'ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസവുമായോ അനുഷ്ഠാനങ്ങളുമായോ ബന്ധപ്പെട്ടതല്ല' എന്ന് ലേഖകൻ തന്നെ പറയുന്ന വിശ്വാസങ്ങളെയും ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെന്നും അനാചാരങ്ങളെന്നും 'പരിഷ്കരണവാദികൾ' വിശേഷിപ്പിക്കുന്നത് ആരോപണം മാത്രമാണെന്ന വരികളിലെ വൈരുധ്യം ലേഖകന് തിരിഞ്ഞിട്ടില്ല! 'എല്ലാ പുത്തനാചരവും വഴികേടാണ്, എല്ലാ വഴികേടും നരകത്തിലാണ്' (അഹ്മദ്) എന്ന പ്രവാചകവചനം സമുദായത്തോട് വിളിച്ചു പറഞ്ഞാൽ അത് ആരോപണമാണോ ലേഖകന്റെ വീക്ഷണത്തിൽ?

സലഫികളുടെ പ്രബോധന ശൈലിയിൽ ലേഖകൻ കണ്ടെത്തിയ 'കുഴപ്പം' കൂടി വായിക്കാം: "സമുദായത്തിലെ രണ്ടാമത്തെ വിഭാഗം സംഘടനകൾ മുകളിൽ പറഞ്ഞ പരിഷ്കരണവാദികളാണ്. അവരുടെ ലക്ഷ്യം ഖുർആനിലോ പ്രവാചക ചര്യയിലോ(സുന്നത്ത്) ശരിയായ പ്രമാണമില്ലാത്ത, കാലക്രമത്തിൽ വിശ്വാസത്തിന്റെയും അനുഷ്ഠാനത്തിന്റെയും ഭാഗമായി മാറിയ ആചാരങ്ങളും വിശ്വാസങ്ങളും തിരുത്തുകയാണ്. ഈയൊരു ലക്ഷ്യത്തിൽ മാത്രം അവരുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിനാൽ ഇസ്‌ലാം ആചാരബദ്ധമായ കേവല മതം എന്ന ധാരണ തന്നെയാണ് അവരുടെ പ്രവർത്തനങ്ങളും പൊതുബോധത്തിൽ ഉറപ്പിക്കുന്നത്" (പേജ് 20).

മത, സാമൂഹ്യ, വിദ്യാഭ്യാസ, ജീവകാരുണ്യ മേഖലകളിൽ നവോത്ഥാനത്തിന്റെ ചാലകശക്തിയായി പ്രവർത്തിച്ച, ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സലഫി പ്രസ്ഥാനത്തിന്റെ പ്രബോധന പ്രവർത്തനങ്ങളാൽ ഇസ്‌ലാമിനെക്കുറിച്ചുള്ള പൊതുബോധം 'ആചാരബദ്ധമായ കേവല മതം' എന്നാണെന്നത് ലേഖകന്റെ തെറ്റുധരിപ്പിക്കലാണ്. സ്വന്തം സംഘടനയെക്കുറിച്ചുള്ള പൊതുബോധം മാറ്റിയെടുക്കാൻ ഇതുകൊണ്ടൊന്നും കഴിയില്ല എന്ന് തിരിച്ചറിയുക.

പ്രമാണങ്ങളുടെ വെളിച്ചത്തിലാണ് യഥാർഥ മുജാഹിദുകൾ പ്രവർത്തിക്കുന്നതെന്ന് ഓർക്കുന്നത് നന്നാകും. അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവന്റെ ഹൃദയത്തിനുമിടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞു കൊള്ളുക" (8:24).

ജമാഅത്തുകാരെ കുറിച്ച് ആരൊക്കെയോ നുണ പറയുന്നു എന്നാണ് ലേഖകന്റെ സങ്കടം: "അവർ ആവർത്തിക്കുന്ന നുണകളാണ് ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമിയെ കുറിച്ച് ആളുകൾ കൂടുതൽ കേൾക്കുന്നത്. അതിലൊരു നുണയാണ് ജമാഅത്തെ ഇസ്‌ലാമി മതരാഷ്ട്രവാദികളാണെന്നത്. മറ്റൊരു നുണയാണ് അവർ തീവ്രവാദികളാണെന്നത്. വേറെയും പല നുണകളുമുണ്ട്. ജമാഅത്തെ ഇസ്‌ലാമിയെ അനുഭവിച്ച ആരും ഈ നുണകൾ വിശ്വസിക്കില്ല. പക്ഷേ, അനുഭവങ്ങളെക്കാൾ കേൾവികൾക്കാണല്ലോ ഡിജിറ്റൽ യുഗത്തിൽ ഗതിവേഗം. അതുകൊണ്ടാണ് എന്താണ് ജമാഅത്തെ ഇസ്‌ലാമി എന്ന് അതിന്റെ വക്താക്കൾക്ക് ഇടക്കെല്ലാം പറയേണ്ടി വരുന്നത്" (പേജ് 19,20).

ഇതെല്ലാം നുണക്കഥയാണെന്നു പറഞ്ഞ് പുതുതലമുറയെ വിശ്വസിപ്പിക്കാനായേക്കാം. എന്നാൽ ഇതൊന്നും നുണയല്ലെന്നും ഇതിനെല്ലാം പവൻമാറ്റ് തെളിവുകളുണ്ടെന്നും ഇവർക്കു തന്നെ അറിയാം.ഐ.പി.എച്ച് പുറത്തിറക്കിയ ചില പുസ്തകങ്ങളും പ്രബോധനത്തിന്റെ പഴയ കോപ്പികളും അങ്ങനെയങ്ങ് ഇല്ലാതാക്കാൻ കഴിയില്ലല്ലോ. ■



# കാഴ്ചകളുടെയും പ്രദർശനങ്ങളുടെയും ലോകം

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

നാം ജീവിക്കുന്നത് ഒരു ബാഹ്യപ്രദർശനത്തിന്റെ (Showoff) കാലഘട്ടത്തിലാണ്. സോഷ്യൽ മീഡിയകളിലൂടെയും സാമൂഹിക ജീവിതത്തിലൂടെയും താൻ കഴിക്കുന്ന ഭക്ഷണവും ധരിക്കുന്ന വസ്ത്രവും യാത്രകളും ജീവിതത്തിലെ ചെറുതും വലുതുമായ സകല വിശേഷങ്ങളും മറ്റുള്ളവരെ കാണിക്കാനും കൈയടികൾ നേടാനും ഇന്നു മനുഷ്യൻ മത്സരിക്കുകയാണ്. എന്നാൽ, ഇതിനെക്കാൾ അപകടകരമായ മറ്റൊരു പ്രവണത നമ്മുടെ മതജീവിതത്തിലും കടന്നുകൂടിയിട്ടുണ്ട്; സൽകർമങ്ങളെ വെറുമൊരു ബാഹ്യപ്രകടനമോ പ്രദർശനവേളയോ ആക്കൽ!

മനുഷ്യരിൽ രണ്ടു കൂട്ടരുണ്ട്; കാര്യങ്ങൾ ആത്മാർഥമായി അതിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് ചെയ്യുന്നവരും സമൂഹത്തിനു മുന്നിൽ 'ചെയ്യാൻ വേണ്ടി മാത്രം,' അല്ലെങ്കിൽ മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങി മാത്രം ചെയ്യുന്നവരും. ഭൗതിക രംഗത്തെന്നപോലെ മതരംഗത്തും ഈ രണ്ടു വിഭാഗങ്ങളെ കാണാം.

ബാങ്ക് വിളിക്കുമ്പോൾ സുന്നത്ത് നമസ്കരിച്ച് പള്ളിയിലേക്ക് പോകാൻ കാത്തിരിക്കുന്ന വിശ്വാസികളുണ്ട്. എന്നാൽ മറ്റു ചിലർക്ക് ബാങ്ക് കേൾക്കുന്നത് ഒരു ഭാരമാണ്. നമസ്കാരം തീരാറാകുമ്പോൾ ഒരു വിധം പള്ളിയിലെത്തി കടമ തീർക്കുന്ന മനോഭാവമുള്ളവർ. ദാനം കൊടുക്കുമ്പോൾ വാങ്ങാൻ വരുന്നവരോട് നീരസം കാണിക്കുന്നവർ, പ്രബോധന ഉത്തരവാദിത്തങ്ങൾ ആരോ നിർബന്ധിച്ചതുകൊണ്ട് മാത്രം നിർവഹിക്കുന്നവർ. എന്തുകൊണ്ടാണ് സൽകർമങ്ങൾ ചെയ്യാൻ മനുഷ്യന് ഇങ്ങനെ മടി തോന്നുന്നത്?

മനുഷ്യൻ നന്മകൾ ചെയ്യുന്നതിൽ മടിയനും അലസനുമാകുന്നതിന് പിന്നിലെ പ്രധാനപ്പെട്ട നാല് കാരണങ്ങളെ ക്വുർആനിക വെളിച്ചത്തിൽ നമുക്ക് ഇങ്ങനെ ചുരുക്കാം:

1) അല്ലാഹുവിനെക്കുറിച്ചുള്ള ജാഗ്രതയോ ഭയമോ ഹൃദയത്തിൽ ഇല്ലാത്ത അവസ്ഥ.

2) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ ചിന്തിച്ച് ബോധ്യപ്പെടാതെയുള്ള പരമ്പരാഗത വിശ്വാസം: കേവലം ഒരു മുസ്‌ലിം കുടുംബത്തിൽ ജനിച്ചു എന്നതുകൊണ്ടു മാത്രം മുസ്‌ലിമായി ജീവിക്കുക, ക്വുർആൻ സൂക്തങ്ങളെയും പ്രപഞ്ച ദൃഷ്ടാന്തങ്ങളെയും തികഞ്ഞ ബോധ്യത്തോടെ ഉൾക്കൊള്ളാതിരിക്കുക.

3) പ്രയാസങ്ങൾ വരുമ്പോൾ അല്ലാഹുവിനെ കൈവിട്ട് ശിർക്കിൽ (അല്ലാഹുവിൽ പങ്കുചേർക്കലിൽ) അഭയം തേടുന്നത്:പ്രതിസന്ധികളോ രോഗങ്ങളോ വരുമ്പോൾ അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുന്നതിന് പകരം സിദ്ധന്മാരെയും ജാറങ്ങളെയും തേടിപ്പോകുന്നത് വിശ്വാസത്തിന്റെ അടിത്തറ തകർക്കും.

4) സാഹചര്യത്തിന്റെ സമ്മർദംകൊണ്ട് മാത്രം സൽകർമങ്ങൾ ചെയ്യുന്നത്: 'എല്ലാവരും നമസ്കരിക്കുന്നു, ഞാനായിട്ട് മാറിനിന്നാൽ മോശമല്ലേ,' 'എല്ലാവരും നോമ്പ് നോൽക്കുന്നു, ഞാനും നോൽക്കാം' എന്ന രീതിയിൽ ചുറ്റുപാടുകളുടെ സമ്മർദംമൂലം മാത്രം കാര്യങ്ങൾ ചെയ്യുക.

ഈ നാല് ആന്തരിക രോഗങ്ങളെ ചികിത്സിച്ചു മാറ്റിയാൽ

മാത്രമെ നമുക്ക് നന്മകളിൽ ആവേശവും ധൃതിയും ഉണ്ടാകൂ. അല്ലാത്തപക്ഷം മനുഷ്യന്റെ ആവേശം തിന്മകളിലേക്ക് തിരിയുകയും സൽകർമങ്ങൾ ഒരു ഭാരമായി മാറുകയും ചെയ്യും.

**ഖുർആൻ വരച്ചുകാട്ടുന്ന വിശ്വാസിയുടെ ചിത്രം**

സൂറത്തുൽ മുഅ്മിനൂനിലെ 57 മുതൽ 61 വരെയുള്ള ആയത്തുകളിൽ റബ്ബിന്റെ കാരുണ്യത്തിന് അർഹരായ യഥാർഥ സത്യവിശ്വാസികളുടെ സവിശേഷതകൾ അല്ലാഹു വിവരിക്കുന്നത് ഇങ്ങനെയാണ്:

"തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ, തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടുകൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നന്മകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും."

ഈ ആയത്തിൽ പറഞ്ഞതിന്റെ വിവക്ഷയെ സംബന്ധിച്ച് ആഇശ(റ) നബി(സ്വ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, 'തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവർ' എന്ന് ഖുർആൻ പറഞ്ഞത് മദ്യം കുടിക്കുകയും മോഷണം നടത്തുകയും തിന്മകൾ ചെയ്യുകയും ഭയപ്പെടുകയും ചെയ്യുന്നവരെക്കുറിച്ചാണോ?' നബി(സ്വ) മറുപടി നൽകി: "അല്ല അബൂബക്റിന്റെ മകളേ! അവർ നോമ്പ് നോൽക്കുകയും നമസ്കരിക്കുകയും ദാനധർമങ്ങൾ ചെയ്യുകയും ചെയ്യുന്നവരാണ്. എന്നാൽ, തങ്ങളിൽനിന്ന് ഇത് അല്ലാഹു സ്വീകരിക്കില്ലേ എന്ന ഭയം ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണവർ! അവരാണ് നന്മകളിൽ ഓടി മുന്നേറുന്നവർ."

ഇവിടെ വ്യക്തമാകുന്നത് നന്മകൾ ചെയ്യാത്തതിലുള്ള ഭയമല്ല; മറിച്ച് തങ്ങൾ ചെയ്ത നന്മകൾ അല്ലാഹു സ്വീകരിക്കുമോ എന്ന ഉത്കണ്ഠയും എളിമയുമാണ്. നമസ്കരിച്ചിട്ടും നോമ്പ് നോറ്റിട്ടും അതെല്ലാം സ്വീകരിക്കപ്പെടാതിരിക്കുമോ എന്നോർത്ത് മഹാന്മാർ ഭയന്നുവെങ്കിൽ, തിന്മകളിൽ മുഴുകി ജീവിക്കുന്ന നമ്മുടെ അവസ്ഥ എന്തായിരിക്കണം?

പ്രമുഖ പണ്ഡിതനായ ഹസനുൽ ബസ്വരി(റഹി) ഈ വിഷയം ചുരുക്കിപ്പറഞ്ഞത് എത്ര മനോഹരമാണ്! "യഥാർഥ സത്യവിശ്വാസി നന്മകൾ ചെയ്യും, ഒപ്പം അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യും. എന്നാൽ കപടവിശ്വാസി തിന്മകൾ ചെയ്യും, എന്നിട്ട് തനിക്ക് ഒന്നും സംഭവിക്കില്ല എന്ന് കരുതി സുരക്ഷിതത്വം നടിക്കുകയും ചെയ്യും."

**ഇബ്റാഹീം നബി(അ)യുടെ പ്രാർഥനയും ഉമർ(റ)വിന്റെ ഭയവും**

ലോക ചരിത്രത്തിലെ ഏറ്റവും മഹത്തായ കാര്യം നിർവഹിക്കുമ്പോഴും പ്രവാചകന്മാർ കാണിച്ച എളിമ ചിന്തനീയമാണ്. പരിശുദ്ധ കഅ്ബ പടുത്തുയർത്തിയശേഷം ഇബ്റാഹീം നബി(അ)യും ഇസ്മാഈൽ നബി(അ)യും പ്രാർഥിച്ചത് ഖുർആൻ എടുത്തു പറയുന്നു:

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീയിത് സ്വീകരിക്കേണമേ. നിശ്ചയം, നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു."

അല്ലാഹുവിന്റെ കല്പന പ്രകാരമാണ് കഅ്ബ പടുത്തുയർത്തിയത്; എന്നിട്ടും അത് സ്വീകരിക്കണേ എന്ന് ആ മഹാന്മാർ പ്രാർഥിച്ചു! നമ്മളാകട്ടെ നിസ്സാര കാര്യങ്ങൾ ചെയ്യുമ്പോഴേക്കും എന്തോ വലിയ കാര്യം ചെയ്തു എന്ന് അഹങ്കരിക്കുന്നു!

നബി(സ്വ)യുടെ നാവിലൂടെ സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട മഹാനാണ് ഉമറുബ്നുൽ ഖത്വാബ്(റ). ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ തലവനായിരിക്കെ, പ്രവാചകന്റെ രഹസ്യ സൂക്ഷിപ്പുകാരനായ ഹുദൈഫ(റ)യുടെ അരികിലേക്ക് ഉമർ(റ) ചെല്ലുന്ന ഒരു രംഗമുണ്ട്. മദീനയിലെ കപടവിശ്വാസികളുടെ (മുനാഫിഖുകളുടെ) പേരുകൾ നബി(സ്വ) ഹുദൈഫ(റ)വിന് മാത്രമാണ് കൈമാറിയിരുന്നത്.

ഉമർ(റ) ഹുദൈഫ(റ)യുടെ അരികിലെത്തി വിറയ്ക്കുന്ന ശബ്ദത്തോടെ ചോദിച്ചു: 'ഹുദൈഫാ... അല്ലാഹുവിനെ മുൻനിർത്തി ഞാൻ നിന്നോട് ചോദിക്കുകയാണ്! അല്ലാഹുവിന്റെ ദൂതൻ നിനക്ക് അറിയിച്ചു തന്ന ആ കപടവിശ്വാസികളുടെ കൂട്ടത്തിൽ എന്റെ പേര് പറഞ്ഞിട്ടുണ്ടോ...?'

ഹുദൈഫ(റ) കരഞ്ഞുകൊണ്ട് പറഞ്ഞു: 'ഇല്ല അമീറുൽ മുഅ്മിനീൻ, അവിടുന്ന് അങ്ങയുടെ പേര് പറഞ്ഞിട്ടില്ല!'

സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട ആ മഹാൻ തന്റെ പേര് കപടന്മാരുടെ കൂട്ടത്തിൽ ഉണ്ടാകുമോ എന്ന് ഭയന്നുവെങ്കിൽ, നമ്മുടെ മനോഗതി എന്തായിരിക്കണം? ■

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

كَذَّبَتْ عَادٌ الْمُرْسَلِينَ ﴿١٢٣﴾

123. ആദ് സമുദായം ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി.

*(123). 'ആദ്' എന്ന് വിളിക്കപ്പെടുന്ന ഗോത്രവും അവരുടെ ദൂതനായ ഹൂദി(അ)നെ കളവാക്കി; മറ്റു പ്രവാചകന്മാരെ കളവാക്കിയതുപോലെ. അവരെല്ലാം പ്രബോധനം ചെയ്തത് ഒന്നായിരുന്നു.*

إِذْ قَالَ لَهُمْ أَخُوهُمْ هُودٌ أَلَا تَتَّقُونَ ﴿١٢٤﴾

124. അവരുടെ സഹോദരൻ ഹൂദ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

*124). (അവരുടെ സഹോദരൻ അവരോട് പറഞ്ഞ സന്ദർഭം) അവരുടെ വംശപരമ്പരയിൽ പെട്ട (ഹൂദ്) ദയയോടെയും സൗമ്യതയോടെയും അവരോട് പറഞ്ഞു: (നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?) നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അവനോട് പങ്കുചേർക്കുന്നതും അവനല്ലാത്തവരെ ആരാധിക്കുന്നതും ഉപേക്ഷിക്കുകയും ചെയ്യുന്നില്ലേ?*

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٢٥﴾

125. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു.

*125). (തീർച്ചയായും ഞാൻ വിശ്വസ്തനായ ഒരു ദൂതനാണ്) അതായത് നിങ്ങൾക്കുള്ള കാരുണ്യമായും നിങ്ങളോടുള്ള കരുതലുമായിട്ടാണ് അല്ലാഹു എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചത്. നിങ്ങൾക്ക് അറിയാവുന്നതുപോലെ ഞാൻ വിശ്വസ്തനും സത്യസന്ധനുമാണ്. തുടർന്ന് അദ്ദേഹം പറഞ്ഞു:*

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٢٦﴾

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٢٧﴾

126. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

127. ഇതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽനിന്ന് മാത്രമാകുന്നു.

*126-127) (അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക) അതായത്, അല്ലാഹുവിനോടുള്ള നിങ്ങളുടെ കടമകൾ നിർവഹിക്കുക. അത് അവനെ സൂക്ഷിക്കുക എന്നതാണ്. ഞാൻ നിങ്ങളോട് കല്പിക്കുന്നതും വിരോധിക്കുന്നതുമായ കാര്യങ്ങളിൽ എന്നെ അനുസരിച്ചുകൊണ്ട് എന്നോടുള്ള നിങ്ങളുടെ കടമയും നിറവേറ്റുക. എന്നെ അനുസരിക്കുകയും പിൻപറ്റുകയും ചെയ്യുന്നതിന് നിങ്ങൾക്ക് ഒരു തടസ്സവുമില്ല. കാരണം നിങ്ങൾക്ക് സന്ദേശം അറിയിക്കുന്നതിനും ഉപദേശിക്കുന്നതിനും ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ അത് നിങ്ങൾക്കൊരു ഭാരമാകുമായിരുന്നു. (എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിൽനിന്ന് മാത്രമാകുന്നു) അവർക്ക് മഹത്തായ അനുഗ്രഹങ്ങളും ഔദാര്യങ്ങളും നൽകിയിരുന്ന ലോകരക്ഷിതാവിൽനിന്ന് മാത്രം. പ്രത്യേകിച്ച് തന്റെ അടുത്ത മിത്രങ്ങൾക്കും പ്രവാചകന്മാർക്കും ഔദാര്യം നൽകിയവൻ.*

أَتَبْنُونَ بِكُلِّ رِيعٍ آيَةً تَعْبَثُونَ ﴿١٢٨﴾

128. വൃഥാ പൊങ്ങച്ചം കാണിക്കുവാനായി എല്ലാ കുന്നിൻ പ്രദേശങ്ങളിലും നിങ്ങൾ പ്രതാപ ചിഹ്നങ്ങൾ (ഗോപുരങ്ങൾ) കെട്ടിപ്പൊക്കുകയാണോ?

*(128) (എല്ലാ കുന്നിൻപ്രദേശങ്ങളിലും നിങ്ങൾ കെട്ടിപ്പൊക്കുകയാണോ?) എല്ലാ ഉയർന്ന സ്ഥലങ്ങളിലും. (പ്രതാപചിഹ്നങ്ങൾ) അടയാളങ്ങൾ. (വൃഥാ) അതായത് നിങ്ങൾക്ക് ആത്മീയമോ ലൗകികമോ ആയി ഒരു പ്രയോജനവുമില്ലാത്തത് വെറുതെയുണ്ടാക്കുകയാണോ?*

---

وَتَتَّخِذُونَ مَصَانِعَ لَعَلَّكُمْ تَخْلُدُونَ ﴿١٢٩﴾

129. നിങ്ങൾക്ക് എന്നെന്നും താമസിക്കാമെന്ന ഭാവേന നിങ്ങൾ മഹാസൗധങ്ങൾ ഉണ്ടാക്കുകയുമാണോ?

*129). (നിങ്ങൾ സൗധങ്ങൾ ഉണ്ടാക്കുകയാണോ?) നിങ്ങൾ കുളങ്ങളും ജലസംഭരണികളും ഉണ്ടാക്കുകയാണോ? (നിങ്ങൾക്ക് എന്നും താമസിക്കാം എന്ന ഭാവേന!) ഒരാൾക്കും ശാശ്വതമായിരിക്കാൻ സാധിക്കില്ലെന്നിരിക്കെ!*

---

وَإِذَا بَطَشْتُم بَطَشْتُمْ جَبَّارِينَ ﴿١٣٠﴾

130. നിങ്ങൾ ബലം പ്രയോഗിക്കുകയാണെങ്കിൽ നിഷ്ഠൂരൻമാരായിക്കൊണ്ട് നിങ്ങൾ ബലം പ്രയോഗിക്കുന്നു.

*(130) (നിങ്ങൾ ബലം പ്രയോഗിക്കുകയാണെങ്കിൽ) സൃഷ്ടികളോട്. (നിഷ്ഠൂരന്മാരായിക്കൊണ്ട് നിങ്ങൾ ബലം പ്രയോഗിക്കുന്നു) കൊന്നും കൊള്ളയടിച്ചും. അല്ലാഹു അവർക്ക് വലിയ ശക്തി നൽകി. അവർ ചെയ്യേണ്ടത് അല്ലാഹുവിനെ അനുസരിക്കാൻ അവരുടെ ശക്തി ഉപയോഗിക്കുക എന്നതാണ്. എന്നാൽ അവർ അഹങ്കരിക്കുകയും ഔന്നിത്യം നടിക്കുകയും ചെയ്തു. അവർ പറഞ്ഞു: '...ഞങ്ങളെക്കാൾ ശക്തിയിൽ മികച്ചവർ ആരുണ്ട്...' (41:15).*

*അവർ അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കാനും വ്യർഥവും ബുദ്ധിശൂന്യവുമായ ഉദ്ദേശങ്ങൾക്കുമായി തങ്ങളുടെ ശക്തി ഉപയോഗിച്ചു. അങ്ങനെ ചെയ്യരുതെന്ന് അവരുടെ പ്രവാചകൻ അവരോട് പറഞ്ഞു.*

---

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٣١﴾

131. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക.

*131) (ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക) നിങ്ങളുടെ ബഹുദൈവത്വവും അഹങ്കാരവും ഉപേക്ഷിക്കുക. (എന്നെ അനുസരിക്കുകയും ചെയ്യുക) ഞാനൊരു പ്രവാചകനാണെന്നും വിശ്വസ്തനായ നിങ്ങളുടെ ഒരു ഗുണകാംക്ഷിയാണെന്നും നിങ്ങൾ മനസ്സിലാക്കിയ സ്ഥിതിക്ക്.*

---

وَاتَّقُوا الَّذِي أَمَدَّكُم بِمَا تَعْلَمُونَ ﴿١٣٢﴾

أَمَدَّكُم بِأَنْعَامٍ وَبَنِينَ ﴿١٣٣﴾

وَجَنَّاتٍ وَعُيُونٍ ﴿١٣٤﴾

132. നിങ്ങൾക്ക് തന്നെ അറിയാവുന്നവ (സുഖസൗകര്യങ്ങൾ) മുഖേന നിങ്ങളെ സഹായിച്ചവനെ നിങ്ങൾ സൂക്ഷിക്കുക.

133. കന്നുകാലികളും സന്താനങ്ങളും മുഖേന അവൻ നിങ്ങളെ സഹായിച്ചിരിക്കുന്നു.

134. തോട്ടങ്ങളും അരുവികളും മുഖേനയും.

*132-134) (കന്നുകാലികൾ മുഖേന അവൻ നിങ്ങളെ സഹായിച്ചു). ഒട്ടകം, പശു, ആട് തുടങ്ങിയവ. (സന്താനങ്ങളും) ധാരാളം സന്തതികൾ, അവൻ നിങ്ങളുടെ സമ്പത്ത് വർധിപ്പിച്ചു; മക്കളെയും - പ്രത്യേകിച്ച് പുത്രന്മാരെ. രണ്ട് (ആൺ, പെൺ) വിഭാഗങ്ങളിൽ മികച്ചത്.*




# മദ്റസാധ്യാപകർക്ക് വിസ്ഡം വിദ്യാഭ്യാസ ബോർഡിന്റെ തണൽക്കൂട്

**14 വീടുകളുടെ സമർപ്പണം**
**അഡ്വ.ഫൈസൽ ബാബു എംഎൽഎ നിർവഹിച്ചു**

കോഴിക്കോട്: മതവിദ്യാഭ്യാസ രംഗത്ത് നിസ്വാർഥമായി സേവനം ചെയ്യുന്ന 14 മദ്റസാധ്യാപകർക്കായി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ വിദ്യാഭ്യാസ ബോർഡ് നിർമിച്ചു നൽകുന്ന ഭവനങ്ങളുടെ സമർപണം മദ്റസാ മാനേജ്മെന്റ് കോൺഫറസിൽ അഡ്വ. ഫൈസൽ ബാബു എംഎൽഎ നിർവഹിച്ചു. സി.പി. സലീം അധ്യക്ഷത വഹിച്ചു.

ബഹ്ജ ഗ്രാന്റ് വിതരണോദ്ഘാടനം വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി നിർവഹിച്ചു.

ധാർമിക-സദാചാര മൂല്യങ്ങളുള്ള തലമുറയെ വളർത്തിയെടുക്കാൻ അധ്വാനിക്കുന്ന അധ്യാപകർക്ക് പരിമിതമായ ശമ്പളമാണ് ലഭിക്കുന്നത്. തുഛമായ വരുമാനം കൊണ്ട് ജീവിതത്തിന്റെ രണ്ടറ്റവും ചേർത്ത് വെക്കാൻ പ്രയാസപ്പെടുന്നവരാണവർ. രോഗം തളർത്തിയ പരാധീനതയും വീടെന്ന സ്വപ്നവും പരിഹരിക്കാനുള്ള മാർഗങ്ങൾ അവരുടെ മുന്നിൽ അടഞ്ഞ് കിടക്കുമ്പോൾ സമൂഹത്തിന് അവരെ ചേർത്ത് നിറുത്താനുള്ള ഉത്തരവാദിത്തമുണ്ട്. വിസ്ഡം വിദ്യാഭ്യാസ ബോർഡ് മദ്റസാധ്യാപക ശാക്തീകരണത്തിനായി ‘ടീച്ചേഴ്സ് കെയർ’ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ പ്രഥമ ഘട്ടത്തിലാണ് നിരാലംബരായ 14 മദ്റസാധ്യാപകരുടെ കുടുംബങ്ങൾക്കായി വീട് നിർമിച്ചു നൽകിയത്.

26 വീടുകളുടെ നിർമാണ പ്രവൃത്തികൾ ഇപ്പോൾ നടന്നു വരുന്നുണ്ട്. ഉദാരമതികളിൽ നിന്നായി സംഭാവനകൾ സ്വീകരിച്ചുകൊണ്ടാണ് ഈ ഉദ്യമം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മദ്റസാ വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തവും സഹായവും ഈ പദ്ധതിക്ക് മുതൽക്കൂട്ടാണ്. മദ്റസാധ്യാപകർക്ക് ചികിൽസാസഹായം, വിരമിക്കുന്നവർക്ക് പെൻഷൻ, മക്കൾക്കായി വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ എന്നിവയും ടീച്ചേഴ്സ് കെയറിന്റ ഭാഗമായി നൽകിക്കൊണ്ടിരിക്കുന്നു. ■


Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

نബി (ﷺ) പറഞ്ഞു:

**ദാനധർമ്മം സമ്പത്തിൽ കുറവ് വരുത്തുകയില്ല അതിനാൽ നിങ്ങൾ ദാനധർമ്മങ്ങൾ നൽകുക.**

(അഹമദ്)

# ഫണ്ട് സമാഹരണം

WISDOM Teachers Care

**ACCOUNT DETAILS:**

WISDOM EDUCATION BOARD
ACCOUNT NO: 922020036184656
IFSC: UTIB0001908
AXIS BANK KALLAI ROAD BRANCH

*For More: +91 90726 60202*

هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD



RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 08 August 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

To the **Right Goal**
Through the **Right Path**

wisdomstudents

30th

WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE



2026
**SEPTEMBER**
**11 12 13**

# PALAKKAD

WISDOM students
KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT